# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം.1) 249/2025.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 31/03/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഇമെയിൽ മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (ഇമെയിൽ മുഖേന)
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം.1) 249/2025. തീയ്യതി: 31/03/2025

## തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2024 മുതൽ 16-02-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 73 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-02-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | ജോയിന്റ് ഡയറക്ടർ | 17-02-2025 | 01-03-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-02-2025 | 01-03-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സീനത്ത് പി.എ., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേഡ്)

നിർമ്മൽ കെ.ജി., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേഡ്)

സുമിത ടി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സോന കെ സത്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

നിഷ കെ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

നിലൂഫർ ബി.ഐ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ധന്യ ദിലീപ്, ഓഡിറ്റർ

കൃഷ്ണരാഹുൽ എം.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ആർ. ജൈത്രൻ (ഇൻചാർജ്) | ചെയർമാൻ | 01-04-2023 | 12-04-2023 |
| ശ്രീമതി ടി. കെ. ഗീത | ചെയർമാൻ | 13-04-2023 | 31-03-2024 |
| വ്യജ എൻ. കെ. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത്ത് എസ്. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ബിന്ദു കെ. സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ. മുംതാസ് കെ. എം. | മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്ജ്) | 01-04-2023 | 10-09-2023 |
| ഡോ. നോബിൻ കെ. ബാലൻ | മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്ജ്) | 11-09-2023 | 31-03-2024 |
| ഡോ. നമിത കെ. ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 19-08-2023 |
| റീന മാത്യൂ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-08-2023 | 07-09-2023 |
| ഡോ. സീമ പി. എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-09-2023 | 08-09-2023 |
| റീന മാത്യൂ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 09-09-2023 | 10-11-2023 |
| ഡോ. സീമ പി. എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-11-2023 | 08-12-2023 |
| ഡോ. ലെംസി ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 09-12-2023 | 12-03-2024 |
| ഡോ. പ്രവീൺ ബി. വിശ്വം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 13-03-2024 | 31-03-2024 |
| ഡോ. ദീപ വിജയൻ ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ. ബിജു ബാലകൃഷ്ണൻ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 13-06-2023 |
| ഡോ. മുഹാസ് കെ. കരീം | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 14-06-2023 | 11-08-2023 |
| ഡോ. ഷെബിൻ കെ. ആന്റോ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 12-08-2023 | 18-08-2023 |
| ഡോ. മഞ്ജുഷ മേനോൻ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 19-08-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ. ഇന്ദു എസ്. നമ്പൂതിരി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഷിനി ജോസ് | പ്രധാന അദ്ധ്യാപിക | 01-04-2023 | 31-03-2024 |
| ആശ ആനന്ദ് സി. | ഹെഡ്മിസ്ട്രസ് (കെ.കെ.ടി.എം ജി.എച്ച്.എസ്, കൊടുങ്ങല്ലൂർ) | 01-04-2023 | 28-04-2023 |
| രാജേഷ് വി. | ഹെഡ്മിസ്ട്രസ് (കെ.കെ.ടി.എം ജി.എച്ച്.എസ്, കൊടുങ്ങല്ലൂർ) | 29-04-2023 | 21-07-2023 |
| പുഷ്കല പി. | ഹെഡ്മിസ്ട്രസ് (കെ.കെ.ടി.എം ജി.എച്ച്.എസ്, കൊടുങ്ങല്ലൂർ) | 22-07-2023 | 24-07-2023 |
| രാജേഷ് വി. | ഹെഡ്മിസ്ട്രസ് (കെ.കെ.ടി.എം ജി.എച്ച്.എസ്, കൊടുങ്ങല്ലൂർ) | 25-07-2023 | 22-08-2023 |
| പുഷ്കല പി . | ഹെഡ്മിസ്ട്രസ് (കെ.കെ.ടി.എം ജി.എച്ച്.എസ്, കൊടുങ്ങല്ലൂർ) | 23-08-2023 | 31-03-2024 |
| സന്തോഷ്. വി. വി. | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II | 01-04-2023 | 31-07-2023 |
| അഖിൽ ജി. സി. | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II | 01-08-2023 | 31-03-2024 |
| ഡോ. ഉണ്ണികൃഷ്ണൻ കെ. | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2023 | 31-03-2024 |
| സുകന്യ കെ. ആർ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| വിനോദ്കുമാർ ബി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| സുമിത ഇ. ബി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| സതീഷ്കുമാർ ടി. കെ. | ക്ലീൻ സിറ്റി മാനേജർ | 01-04-2023 | 14-07-2023 |
| ബേബി എസ്. | ക്ലീൻ സിറ്റി മാനേജർ | 15-07-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-1 |
| 3 | ഡിമാന്റ് രജിസ്റ്ററുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-3 |
| 5 | മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | മുൻകൂർ ഹെഡ്ഡിനു പകരം ചെലവ് ഹെഡ്ഡിൽ ഉൾപ്പെടുത്തി | 1-1-5 |
| 7 | ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തി | 1-1-6 |
| 8 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് ക്യാഷ് ബുക്കും വാർഷികകണക്കും പൊരുത്തമില്ല-നഗരസഭ തനത് ഫണ്ടിൽ നിന്നും നൽകുന്ന തുക മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-7 |
| 9 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-8 |
| 10 | പ്രൊവിഷൻ ജേണൽ വൗച്ചറിന് ആധികാരിക രേഖകൾ ഇല്ല | 1-1-9 |
| 11 | ലയബിലിറ്റി ഹെഡ്ഡിൽ തെറ്റായി രേഖപ്പെടുത്തി | 1-1-10 |
| 12 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഹെഡ്ഡിൽ വാങ്ങലുകളുടെ ചെലവ്/റവന്യൂ ചെലവ് ഉൾപ്പെടുത്തി | 1-1-11 |
| 13 | മുൻകൂർ വരവുകൾ വ്യക്തമാക്കിയിട്ടില്ല | 1-1-12 |
| 14 | വരവു തുകകൾ ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെടുത്തി | 1-1-13 |
| 15 | ഗ്രാന്റ് വരവുകൾ വാർഷികകണക്കും സുലേഖ ചെലവു പത്രിക/ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തമില്ല | 1-1-14 |
| 16 | മൂലധന ചെലവുകൾ റവന്യൂ ചെലവ് ആയി ഉൾപ്പെടുത്തി | 1-1-15 |
| 17 | വികലാംഗപെൻഷൻ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-16 |
| 18 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ലഭിക്കാനുള്ള തുകകൾ വാർഷികകണക്കിൽ തെറ്റായി രേഖപ്പെടുത്തി | 1-1-17 |
| 19 | “280000000-Prior Period Item” ജേണൽ വൗച്ചർ സൂക്ഷിച്ചിട്ടില്ല | 1-1-18 |
| 20 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-19 |
| 21 | വാട്ടർ ചാർജ്ജ് കുടിശ്ശിക ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല | 1-1-20 |
| 22 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-21 |
| 23 | റീ-കൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകങ്ങൾ | 1-1-22 |
| 24 | വസ്തു നികുതി-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-23 |
| 25 | ബജറ്റ് | 1-2 |
| 26 | ഫണ്ട് വിനിയോഗം | 1-3 |
| 27 | പദ്ധതി അവലോകനം | 1-4 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 29 | ക്ഷേമ പദ്ധതികൾ | 1-6 |
| 30 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 32 | കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വരവ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും | 1-9 |
| 33 | രസീത് പരിപാലനം-അപാകങ്ങൾ | 1-10 |
| 34 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 1-11 |

| | | |
|---|---|---|
| 35 | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ടതാണ് | 1-12 |
| 36 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കേണ്ടതാണ് | 1-13 |
| 37 | നഗരസഭ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ കടമുറികളിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 38 | ലേലസംഖ്യ മുഴുവനും ഈടാക്കിയില്ല | 1-15 |
| 39 | ലൈസൻസ് - അപാകങ്ങൾ | 1-16 |
| 40 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല | 1-17 |
| 41 | ലേലം തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-18 |
| 42 | വാടക -അപാകങ്ങൾ | 1-19 |
| 43 | ടർഫുകൾ അനധികൃതമായി പ്രവർത്തിക്കുന്നു | 1-20 |
| 44 | അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-21 |
| 45 | റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു | 1-22 |
| 46 | വസ്തു നികുതി പരിഷ്കരണം- ഫീൽഡ് പരിശോധന പൂർണ്ണമായി നടത്തിയിട്ടില്ല | 1-23 |
| 47 | റവന്യൂ റിക്കവറി -തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-24 |
| 48 | വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭ്യമായ തുകകൾ തിരിച്ചടച്ചിട്ടില്ല | 1-25 |
| 49 | IHSDP ഫണ്ട് തിരികെ അടവാക്കാനുള്ളത് 33,14,397 രൂപ | 1-26 |
| 50 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകൾ ചെലവഴിച്ചിട്ടില്ല | 1-27 |
| 51 | Redemption തുക തിരികെ ലഭ്യമാകാനുള്ളത്- 71,76,476 രൂപ | 1-28 |
| 52 | കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-29 |
| 53 | വയോജനങ്ങൾക്ക് കട്ടിൽ - വിതരണം പൂർത്തിയായില്ല | 1-30 |
| 54 | മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-31 |
| 55 | മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂർ -ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. 5,80,000 രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 56 | മെൻസ്ട്രുവൽ കപ്പ് വിതരണം നടത്തി വിവരം അറിയിക്കേണ്ടതാണ് | 1-33 |
| 57 | എൻ സി ഡി യിലേക്ക് മരുന്നുവാങ്ങൽ പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.88,000 രൂപ തടസ്സപ്പെടുത്തുന്നു | 1-34 |
| 58 | മെഡിക്കൽ ഓഫീസർ -ജനറൽ ആശുപത്രി - നടപ്പാക്കിയ വിവിധ പദ്ധതികൾ– സ്റ്റോക്ക് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല | 1-35 |
| 59 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ - രേഖകൾ ഇല്ല.580479 രൂപ തടസ്സപ്പെടുത്തുന്നു | 1-36 |
| 60 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഇല്ല | 1-37 |
| 61 | വാതിൽപ്പടി സേവനം- തുടർ പ്രവർത്തനങ്ങൾ നടത്തുന്നില്ല.22932 രൂപ തടസ്സപ്പെടുത്തുന്നു | 1-38 |
| 62 | അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് ഫർണീച്ചർ വാങ്ങൽ - പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ നേരിട്ട് വാങ്ങി | 1-39 |
| 63 | കൂട് മത്സ്യകൃഷി - പദ്ധതി അപാകങ്ങൾ | 1-40 |
| 64 | ബാങ്ക് പാസ്സ് ബുക്ക് ഹാജരാക്കേണ്ടതാണ് | 1-41 |
| 65 | ബൊക്കാഷി ബക്കറ്റ് - ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-42 |
| 66 | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം അധികം തുക നൽകിയതായി കാണുന്നു | 1-43 |
| 67 | ധനകാര്യ കമ്മിഷൻ ഗ്രാന്റിനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ഉള്ള അലോട്മെന്റ് തുക വാർഷിക കണക്കിൽ വരവ് വെക്കുകയോ ബാങ്കിൽ ക്രെഡിറ്റ് ആവുകയോ ചെയ്തിട്ടില്ല | 1-44 |
| 68 | ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല | 1-45 |
| 69 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ | 1-46 |

| | | |
|---|---|---|
| 70 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-47 |
| 71 | വീട് വാസയോഗ്യമാക്കുന്നതിന് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല | 1-48 |
| 72 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കുവാനുള്ള തുക 6,84,09,431 | 1-49 |
| 73 | പെൻഷൻ കോൺട്രിബ്യൂഷൻ അക്കൗണ്ടിലെ തുക പരിമിതമായതിനാൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ തനത് ഫണ്ടിൽ നിന്നും നൽകേണ്ടതായി വരുന്നു | 1-50 |
| 74 | നഗരസഭയിലെ സർവ്വീസ് പെൻഷൻ വിതരണം | 1-51 |
| 75 | ഫാമിലി പെൻഷൻ ഉയർന്ന നിരക്ക് അധിക കാലത്തേയ്ക്ക് നൽകി | 1-51-1 |
| 76 | നഗരസഭ പ്രതിമാസം അടവാക്കുന്ന വെള്ളക്കരം 13,26,719 രൂപ | 1-52 |
| 77 | നഗരസഭ റവന്യൂ റിക്കവറി നടപടി നേരിടുന്നു -വെള്ളക്കരം കുടിശ്ശിക 22,61,76,569 രൂപ | 1-53 |
| 78 | അഡ്വാൻസ് തുക ക്രമീകരിച്ചില്ല | 1-54 |
| 79 | നഗരസഭാ സെക്രട്ടറിയുടെ ശമ്പളം, അലവൻസുകൾ എന്നിവ സർക്കാരിലേയ്ക്ക് അടവാക്കുന്നില്ല | 1-55 |
| 80 | അംശാദായം ലഭിച്ചിട്ടില്ല | 1-56 |
| 81 | സെക്രട്ടറിയുടെ വീട്ടുവാടക ബത്തയും നിശ്ചിതനിരക്കിലുള്ള വാടകയും നഗരസഭയിൽ ഒടുക്കിയില്ല | 1-57 |
| 82 | ക്വാർട്ടേഴ്സിന്റെ വൈദ്യുതി ചാർജ്ജ് | 1-58 |
| 83 | സമയബന്ധിതമായി കരാറിൽ ഏർപ്പെടാതിരുന്നതിന് പിഴ ഈടാക്കിയില്ല | 1-59 |
| 84 | ചെമ്മാലിൽ കയർ സൊസൈറ്റി റോഡിൽ കാന നിർമ്മാണം,റീടാറിങ്ങ് - വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് പിഴ ഈടാക്കിയിട്ടില്ല | 1-60 |
| 85 | നഗരസഭയുടെ വസ്തുവകകൾ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത്- നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-61 |
| 86 | അമൃത് 2.0 - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-62 |
| 87 | കാവിൽകടവ് തെരുവോര കച്ചവടകേന്ദ്രം -നാളിതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല | 1-63 |
| 88 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-64 |
| 89 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അഡ്വാൻസ് തുക കൈമാറുമ്പോൾ സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുന്നില്ല | 1-65 |
| 90 | ഏറോബിക് ബിൻ നിർമ്മാണം - നാളിതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല. | 1-66 |
| 91 | HDFC അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ മുന്നിരിപ്പ്, റസീപ്റ്റ് തുകകൾ ബാങ്ക് പാസ് ബുക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 1-67 |
| 92 | പി.എം.എ.വൈ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-68 |
| 93 | അധികരിച്ച് തുക നൽകി | 1-69 |
| 94 | രേഖകൾ ലഭ്യമാക്കിയില്ല.103862 രൂപ തടസ്സപ്പെടുത്തുന്നു | 1-70 |
| 95 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-71 |
| 96 | സദ്ഭരണ പദ്ധതി | 1-72 |
| 97 | വെതർ സ്റ്റേഷൻ | 1-73 |
| 98 | കാലാവസ്ഥാ വ്യതിയാനം | 1-74 |
| 99 | മാലിന്യ സംസ്കരണം -ഹരിത കർമ്മസേനയിലൂടെ | 1-75 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർ ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.07.2024 തീയതിയിലെ നം. 1 തീരുമാനം പ്രകാരം അംഗീകരിച്ച് 18.11.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി:**

**ജോയിന്റ് ഡയറക്ടർ**

### 1-1-1 കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ നിലവിൽ വരുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുക എന്നതാണ് ലക്ഷ്യം. കേരളത്തിലെ എല്ലാ മുൻസിപ്പൽ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലുമാണ് ആദ്യ ഘട്ടത്തിൽ കെ-സ്മാർട്ട് വിന്യസിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുകയാണ് കെ-സ്മാർട്ടിലൂടെ. ഇത്തരത്തിൽ സമ്പൂർണ ഓൺലൈൻ സംവിധാനങ്ങളിലേക്ക് മാറുന്ന സാഹചര്യത്തിൽ നഗരസഭയുടെ വരവ് ചെലവ് ഇനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ നിർബന്ധിത ഘടകമാണ്. 2023-24 സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസം മാത്രമാണ് കെ-സ്മാർട്ട് ഓൺലൈൻ സംവിധാനം നിലവിൽ വന്നത്. ഈ കാലയളവിലെ കണക്ക് വിവരങ്ങൾ സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കിയതിനാൽ ഓഡിറ്റിനു ലഭ്യമാക്കിയ 2023-24 വർഷത്തെ വാർഷിക കണക്കിൽ ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടങ്ങളിലും നിർവചിച്ചിട്ടുള്ള വിവിധ ഫോമുകളുടേയും രജിസ്റ്ററുകളുടേയും മാതൃകയിൽ മാറ്റം വരുത്തി കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

2) കെ-സ്മാർട്ടിൽ നിന്നും 01.01.2024 മുതൽ 31.03.2024 വരെയുള്ള ഡാറ്റാ സാംഖ്യയിലേക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പോർട്ട് ചെയ്ത ഇടപാടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന യാതൊരു രേഖകളും/ടൂളുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 01.01.2024 മുതൽ 31.03.2024 വരെ കെ-സ്മാർട്ടിലൂടെ നടത്തിയിട്ടുള്ള മുഴുവൻ വരവ് ചെലവുകളും 2023-24 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3) സാംഖ്യയിൽ ഹെഡുകൾ അനുവദിച്ചിരുന്ന പല ഇനങ്ങൾക്കും കെ-സ്മാർട്ടിൽ ഹെഡുകൾ അനുവദിക്കപ്പെട്ടിട്ടില്ല. കൂടാതെ പല ഇനങ്ങളുടെയും സാംഖ്യ പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ടും കെ-സ്മാർട്ടിലെ ഹെഡ് ഓഫ് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആയതിനാൽ 31.03.2024ൽ അവസാനിക്കുന്ന സാമ്പത്തികവർഷത്തെ വാർഷിക കണക്കിൽ ആസ്തി, ബാധ്യതകളുടെ നിലയെ സംബന്ധിച്ചിടത്തോളം, സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്ന് കെ-സ്മാർട്ട് ആപ്ലിക്കേഷനിലേക്ക് മാറുന്നതിനിടയിൽ നേരിട്ട ഏകീകരണ വെല്ലുവിളികളുടെ അനിശ്ചിതത്വം ഉണ്ട്.

### 1-1-2 ഡിമാന്റ് രജിസ്റ്ററുകൾ പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.(ലൈസൻസ്)

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാലൻസ് |
|---|---|---|---|---|
| ലൈസൻസ് (വാർഷിക കണക്ക പ്രകാരം) | 3132500 | 1725230 | 179325 | 1227945 |
| രജിസ്റ്റർ പ്രകാരം | 2831500 | 2821500 | 0 | 10000 |

### 1-1-3 മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

A. **ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ്

രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007ലെ കേരള മുനിസിപ്പലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54 എഫ് & ഐ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്തിട്ടില്ല .

B. **രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.**

B.1. ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ RP-27, B-7 എന്നീ ഹെഡ്ഡുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

B.2. അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. ആയതിനാൽ RP-41, B-18 എന്നീ ഷെഡ്യൂളുകളിലെ 460100800, 460400203, 460509909, 460600100, 460600300 , 460100400 എന്നീ ഹെഡ്ഡുകളിലെ രേഖപെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

B.3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 119011 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ക്ലോസിംഗ് സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 54(5) A)

B4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും 320100100 എന്ന ഹെഡ്ഡിലെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

B5. 31.03.2024 ൽ STSB PF അക്കൗണ്ടിലെ ബാലൻസ് 0 ആണ് . PF രജിസ്റ്ററിലെ ബാലൻസ് 7793130 രൂപ ആണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 9 ൽ 350110400 -PF Payable എന്ന ഹെഡ്ഡിൽ 12774124 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസത്തിന്റെ കാരണം പരിശോധിക്കേണ്ടതാണ്.

**1-1-4 മുൻകൂർ തുകയുടെ കണക്കുകൾ രേഖപെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2024ലെ മുൻകൂർ തുക |
|---|---|---|---|
| 1 | Other Revenue | 350419900-Advance Collection Of Revenues-other Revenue | 1200286 |
| 2 | License Fees | 350410301-Advance Collection Of Revenues-Licence Fees | 159550 |

**1-1-5 മുൻകൂർ ഹെഡ്ഡിനു പകരം ചെലവ് ഹെഡ്ഡിൽ ഉൾപ്പെടുത്തി**

1) 1460600100 Electricity Deposit ഹെഡ്ഡിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18ൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 1368924 രൂപയാണ്. എന്നാൽ തൻ വർഷം ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് മുൻകൂർ നൽകിയ 1340017 രൂപക്ക് വിനിയോഗ സാക്ഷ്യപത്രം 31.03.2024ലും ലഭ്യമായിട്ടില്ല. പ്രസ്തുത തുകകൾ ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂർ എന്ന കണക്കിൽ 460600100 Electricity Deposit ഹെഡ്ഡിൽ രേഖപ്പെടുത്തേണ്ടതിനു പകരം റവന്യൂ ചെലവായാണ് ബുക്ക് ചെയ്തത്. മേൽ തുക അനുയോജ്യമായ മുൻകൂർ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതാണ്.

2) മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടിൽ (നമ്പർ- 26/24)

KMSCL ക്ക് മുൻകൂർ ആയി 10,45,301 രൂപ കൈമാറിയിട്ടുണ്ട്. 2023-24-ൽ മരുന്നുകൾ ലഭ്യമായിട്ടില്ല. തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31.03.2024- ൽ 10,45,301 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാലും മുൻകൂർ നല്കിയത് ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് ആയത് കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂർ" എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തുക തെറ്റായി ചെലവ് ശീർഷകത്തിൽ (250500601- Allopathy) രേഖപ്പെടുത്തി.

### 1-1-6 ഡിമാന്റ് ഒരു തവണ മാത്രം രേഖപെടുത്തി

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ, 2007ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ കൊടുങ്ങല്ലൂർ നഗരസഭയുടെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വസ്തു നികുതി, കെട്ടിടങ്ങളിൽ നിന്നുള്ള വാടക, തൊഴിൽ നികുതി ട്രേഡേഴ്സ് എന്നിവയുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ/രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|
| 1. | 130100800-Rent From Building | 7154023.00 | 1.04.2023 | 42300820 |
| 2 | 110010100-Property Tax (General) | 1021015.00 | 1.04.2023 | 42301014 |
| 3 | 10010100-Property Tax (General) | 49072485 | 1.04.2023 | 42300840 |
| 4 | 110100100-Profession Tax Traders | 3850670 | 1.04.2023 | 42300819 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് ക്യാഷ് ബുക്കും വാർഷികകണക്കും പൊരുത്തമില്ല-നഗരസഭ തനത് ഫണ്ടിൽ നിന്നും നൽകുന്ന തുക മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യിട്ടില്ല

1) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് - ക്യാഷ് ബുക്കും വാർഷികകണക്കും പൊരുത്തമില്ലാത്തതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ക്യാഷ് ബുക്ക് പ്രകാരം | 407789 | 7239446 | 7276296 | 370939 |
| വാർഷികകണക്ക് പ്രകാരം | 407813 | 3725000+14446 (Interest) = 3739446 | 6276140 (2500000 തനത് ഫണ്ടിൽ നിന്ന് നൽകിയത് | 370939 |

| | | | | | |
|---|---|---|---|---|---|
| | | | | Contra Entry ആയി ചേർത്തിട്ടുണ്ട്) | |

2) ഫയൽ നമ്പർ PH3- 35/2011 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 07.12.2022 ലും 6.08.2023 ലും യഥാക്രമം 1000000 രൂപയും 2500000 രൂപയും തനത് ഫണ്ടിൽ നിന്ന് മുൻകൂറായി തൊഴിലുറപ്പ് പദ്ധതി ചെലവിനായി നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 18ലെ മുൻകൂർ വിവരങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി നഗരസഭ തനത് ഫണ്ടിൽ നിന്നും നൽകുന്ന തുകകൾ അനുയോജ്യമായ മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യാതെ കോൺട്രാ എൻട്രി മുഖേന രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ തുകകൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ്ബുക്കിൽ നഗരസഭയിൽ നിന്ന് ലഭ്യമായ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26-11-2023 ലെ LSGD/PD/26308/2023-DPLD3 നമ്പർ സർക്കുലർ പ്രകാരം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നഗരസഭകൾക്ക് തനത് ഫണ്ടിൽ നിന്നും, തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും മറ്റ് ചെലവുകൾക്കുമായി, തുക ചെലവഴിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുമ്പോൾ ടി തുക തിരികെ തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യേണ്ടതാണ്.

3)2024-25 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ച് വാർഷിക കണക്ക് പ്രകാരമുള്ള അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വിവരങ്ങൾ കൃത്യമാക്കേണ്ടതാണ്.

I) നാളിതു വരെ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിക്ക് നൽകിയതും എന്നാൽ തിരികെ ലഭിക്കാത്തതുമായ തുകയുടെ വിവരങ്ങൾ കണ്ടെത്തി ആയത് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യേണ്ടതാണ്.

Ii) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലെ തുകയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഉചിതമായ ബാധ്യത ശീർഷകത്തിലെ തുകയും തുല്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുല്യമല്ലായെങ്കിൽ "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ നടത്തി മേൽ പരാമർശിച്ച ശീർഷകങ്ങളിലെ തുകകൾ തുല്യമാക്കേണ്ടതാണ്.

Iii) 2024-25 വർഷം മുതൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് നൽകുന്ന എല്ലാ മുൻകൂർ തുകകൾക്കും കോൺട്രാ എൻട്രി നടത്തുന്നതിനോടൊപ്പം മേൽ പരാമർശിച്ച അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഉചിതമായ ബാധ്യത ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

Iv) 2024-25 വർഷത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ നിന്നും ചെലവ് ചെയ്ത തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ആയത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഉചിതമായ ചെലവ്/ആസ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം തത്തുല്യമായ തുക മേൽ പരാമർശിച്ച ബാധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഉചിതമായ വരവ് ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യേണ്ടതാണ്.

V) ഖണ്ഡിക Iv ലെ ചെലവ് ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ തത്തുല്യമായ തുക ഖണ്ഡിക Iv ൽ പരാമർശിച്ച അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഉചിതമായ വരവ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution" ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

Vi) മുൻകൂർ നൽകിയ തുക തിരികെ ലഭിക്കുമ്പോൾ ആയത് അഡ്വാൻസ് ശീർഷകത്തിൽ വരവ് വെക്കേണ്ടതാണ്. അതായത് തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുകയും മേൽ പരാമർശിച്ച ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യേണ്ടതാണ്.

Vii) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് മുൻകൂർ ആയി നൽകിയ തുകയുടെയും തിരികെ ലഭിച്ചതും ലഭിക്കാനുള്ളതുമായ തുകയുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2007 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതിതള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-9 പ്രൊവിഷൻ ജേണൽ വൗച്ചറിന് ആധികാരിക രേഖകൾ ഇല്ല**

1) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-21 പ്രകാരം, വരവിനങ്ങളിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31.03.2024 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | 2023-24 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക (I & E ഷെഡ്യൂൾ I-16 പ്രകാരം) | 31.03.2024 ലെ അക്യുമുലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|
| 432100100-Provision Of Outstanding Property Tax | 1214129 | 13182204 |
| 432120100-Provision Of Outstanding Prefession Tax | 90719 | 514821 |
| 432300201-Provision Of Outstanding License Fees | 2493 | 9968 |
| 432300199-provision Of Outstanding Other User Charges | 1705 | 73455 |
| 432300299-provision Of Outstanding Other Fees | 36650 | 73300 |
| 432400104-provision Of Outstanding Lease Of Land | 17666 | 35331 |
| 432400101-Provision Of Outstanding Rent | 3769 | 3769 |
| 432400199-provision Of Outstanding Other Rents | 244733 | 431216 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 ൽ 431300199 (Sundry Debtors Receivables) എന്ന ഹെഡ്ഡിൽ Receivables For Other User Charges Arrear ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6818 രൂപ ആണ്. എന്നാൽ ബി 21 ൽ 432300199- Provision For Outstanding Other User Charges ആയി രേഖപ്പെടുത്തിയിരിക്കുന്നത്

73455 രൂപ ആണ്. ലഭിക്കാനുള്ള തുകയേക്കാൾ അധികമായി പ്രൊവിഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-10 ലയബിലിറ്റി ഹെഡ്ഡിൽ തെറ്റായി രേഖപെടുത്തി

1) 350309900- Others Payable എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ തുക 5604352 രൂപയിൽ 30000 രൂപ ശിശുദിന സ്റ്റാമ്പ് ഇനത്തിലെ ലയബിലിറ്റി ആണ്. ബാലൻസ് തുകകൾ ഏതിനത്തിലെ ലയബിലിറ്റി ആണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയവ പരിശോധിച്ച് ഉചിതമായ ലയബിലിറ്റി ഹെഡ്ഡിലേക്ക് ക്രമീകരിക്കേണ്ടതാണ്.

2) 350300400 VAT PAYABLE എന്ന ഹെഡ്ഡിൽ മുന്നിരിപ്പ് /നീക്കിയിരിപ്പ് തുകയായി 352837 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ഈ തുക സർക്കാരിലേക്ക് അടവാക്കാനുള്ള ലയബിലിറ്റി ആണെങ്കിൽ ആയത് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-11 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഹെഡ്ഡിൽ വാങ്ങലുകളുടെ ചെലവ്/റവന്യൂ ചെലവ് ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 11 ലെ 412100100 എന്ന ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഹെഡ്ഡ് പരിശോധിച്ചതിൽ വാങ്ങലുകളുടെ ചെലവ് / റവന്യൂ ചെലവ് ആണ് പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൊജക്ട് നമ്പർ- 232/24 Construction Of Drainage In Chemmalil Coir Society Road എന്നതിന്റെ ചെലവ് ഒഴികെ മറ്റെല്ലാം വാങ്ങലുകളുടെ ചെലവുകൾ / റവന്യൂ ചെലവുകൾ ആണ് . ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | വൗച്ചർ നമ്പർ | തുക |
|---|---|---|
| 171/24 സ്കൂളുകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ | 22300528/27.06.2023 | 799993.00 |
| 86/24 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വാട്ടർ, കറന്റ്, ടെലഫോൺ ചാർജ്ജ് | 2230347/22.11.2023<br>230348/22.11.2023 | 78000.00<br>92175.00 |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2024-25 സാമ്പത്തിക വർഷത്തിൽ 412100100 Capital Work In Progress - Development Fund എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ/റവന്യൂ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

### 1-1-12 മുൻകൂർ വരവുകൾ വ്യക്തമാക്കിയിട്ടില്ല

350419900 – Advance Collection Of Revenues – Other Revenues എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്ന 1200286 രൂപ ഏതിനത്തിലെ മുൻകൂർ വരവുകളാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ ക്യാഷ് ആയി ലഭിച്ച തുകകളും ടൗൺ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട്, ഫെഡറൽ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട്, എച്ച്.ഡി.എഫ്.സി. പി. ഒ. എസ്. എന്നീ അക്കൗണ്ടുകളിൽ വരവ് വന്ന തുകകളും ഉൾപ്പെട്ടിട്ടുണ്ട്. ഈ തുകകൾ പരിശോധിച്ച് അവ 2024-25 ൽ ഉചിതമായ ഹെഡ്ഡിലേക്ക് വരവ് വക്കേണ്ടതാണ്.

### 1-1-13 വരവ് തുകകൾ ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെടുത്തി

350200202- IT Deducted At Source എന്ന ലയബിലിറ്റി ഹെഡ്ഡിൽ എസ് ബി ടി തനത് ഫണ്ടിൽ ( A/c No. 0057011108852) രസീത് നമ്പർ-12345090441/29.04.2023 പ്രകാരം വരവ് വന്ന 14,25,558 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ് ബി ഐ അക്കൗണ്ടിൽ (A/c No. 67303369524) നിന്ന് ട്രാൻസ്ഫർ ചെയ്ത ഈ ടെണ്ടർ ഫീസ് ആണ്. ആയത് ഉചിതമായ വരവ് ഹെഡ്ഡിലേക്ക്

ക്രമീകരിക്കേണ്ടതാണ്. രസീത് നമ്പർ - 123450900397/04.04.2023 പ്രകാരം വരവ് വന്ന 121767 രൂപ ഏതിനത്തിലെ വരവാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഈ തുക പരിശോധിച്ച് ആയത് 2024-25ൽ ഉചിതമായ ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ- 28/22.02.2025).

### 1-1-14 ഗ്രാന്റ് വരവുകൾ വാർഷികകണക്കും സുലേഖ ചെലവ് പത്രിക/ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തമില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റ്, എസ്.സി.പി, മെയിന്റനൻസ് നോൺറോഡ് എന്നിവയുടെ ചെലവ് തുകകൾ വാർഷികകണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് സുലേഖ ചെലവ് പത്രിക/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തമില്ല.

വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ട് | വാർഷികകണക്ക് | സുലേഖ/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് |
|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | I-6-36260068 &B3- 14570590 =50830658 | 50236122 |
| എസ് സി പി | I-6- 278367 &B3- 13532666 = 13811033 | 12339119 |
| മെയിന്റനൻസ് നോൺ റോഡ് | 19263386 | 19210012 |

### 1-1-15 മൂലധന ചെലവുകൾ റവന്യൂ ചെലവ് ആയി ഉൾപ്പെടുത്തി

മൂലധന ചെലവുകൾക്ക് വേണ്ടി ഉപയോഗിച്ച താഴെ ചേർക്കുന്ന ചെലവുകൾ ഉചിതമായ ആസ്തി ശീർഷകത്തിൽ ചേർക്കുന്നതിനു പകരം റവന്യൂ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നു . ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | ചെലവ് ബുക്ക് ചെയ്ത റവന്യൂ ഹെഡ്ഡ് | തുക |
|---|---|---|
| 198- Purchase Of Laptop, Printer,scanner & Furniture For Veterinary | 25311103901- Animal Husbandry – Infrastructure General | 205200 |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് 205200 രൂപ 2024-25 സാമ്പത്തിക വർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. ഭാവിയിൽ മൂലധന ചെലവുകൾ ബുക്ക് ചെയ്യുമ്പോൾ ഉചിതമായ ആസ്തി ഹെഡ്ഡിലേക്ക്/“Capital Contribution” ശീർഷകത്തിലേക്ക് ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-16 വികലാംഗപെൻഷൻ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

നഗരസഭയിൽ നിന്ന് ഹാജരാക്കിയ രേഖകൾ പ്രകാരം വികലാംഗ പെൻഷൻ ഇനത്തിൽ 2023-24 ൽ 84,03,700 രൂപയുടെ ചെലവ് ഉണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് I-6 ൽ പ്രസ്തുത തുക ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

### 1-1-17 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ലഭിക്കാനുള്ള തുകകൾ വാർഷികകണക്കിൽ തെറ്റായി രേഖപ്പെടുത്തി

2023-24 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 ൽ (431409901 & 431409902) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് നഗരസഭക്ക് ലഭിക്കാനുള്ള തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷികകണക്കിലെ തുകകളും

നഗരസഭയിലെ ഫയൽ നമ്പർ ജി 1- 11341/2007, ഫയൽ നമ്പർ ജി 1- 4806/2010, ഓഡിറ്റ് എൻക്വയറി നമ്പർ - 9/20.02.2025ന് നൽകിയ മറുപടി എന്നിവ പ്രകാരം ലഭ്യമാക്കിയ തുകകളും തമ്മിൽ പൊരുത്തമില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരം ലഭിക്കാനുള്ള തുക | ഫയൽ പ്രകാരം ലഭിക്കാനുള്ള തുക |
|---|---|---|
| 431409901- Other Receivable Current | 75,87,076.00 | 0.00 |
| 431409902 - Other Receivable Arrear | 7,17,33,962.00 | 6,71, 27,097.00 |

2024-25 ൽ വാർഷികകണക്ക് തയ്യാറാക്കുമ്പോൾ ഫയൽ പരിശോധിച്ച് തുകകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്.

## 1-1-18 "280000000-Prior Period Item" ജേണൽ വൗച്ചർ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2024ലെ ലെഡ്ജർ ബാക്കി |
|---|---|
| 280209900-Prior Period Income -Other Income | 4,30,87,010.00 |

## 1-1-19 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007 (ചട്ടം 45)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ(kodungallur Town Co-operative Bank-0010353000000025) | തീയ്യതി | തുക |
|---|---|---|
| 811544 | 28.11.2023 | 2905.00 |
| 811546 | 28.11.2023 | 672018.00 |

## 1-1-20 വാട്ടർ ചാർജ്ജ് കുടിശ്ശിക ലയബിലിറ്റി ആയി ഉൾപെടുത്തിയിട്ടില്ല

നഗരസഭയുടെ വാട്ടർ ചാർജ്ജ് അടവാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ - PH4- 7200/14 നമ്പർ ഫയൽ പരിശോധിച്ചതിൽ 31.03.2024 വരെ (ബിൽ നമ്പർ- 83225/11.03.2024 പ്രകാരം) 19,04,65,774 രൂപ കുടിശ്ശിക ഉണ്ട്. ഈ കുടിശ്ശിക ബാലൻസ് ഷീറ്റിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല. 2024-25ൽ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ കുടിശ്ശിക ലയബിലിറ്റി ആയി ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-21 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നം. 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന

രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ശരിയായ മാതൃകയിൽ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 44/30.01.2025)

### 1-1-22 റീ-കൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകങ്ങൾ

താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ റീ-കൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് പാസ്ബുക്ക് ബാലൻസ് യഥാർത്ഥ പാസ്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് | അക്കൗണ്ട് നമ്പർ | റീ കൺസിലിയേഷൻ പത്രിക പ്രകാരമുള്ള 31.03.2024 ലെ ബാങ്ക് പാസ്ബുക്ക് ബാലൻസ് | 31.03.2024 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് |
|---|---|---|---|
| HDFC PMAY | 50100266833269 | 5962347.00 | 6015548.30 |
| HDFC CFC | 50100407699090 | 6659671.30 | 6794910.30 |

### 1-1-23 വസ്തു നികുതി-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

01.01.2024 മുതൽ നഗരസഭയിൽ കെ സ്മാർട്ട് സോഫ്റ്റ്‌വെയർ വിന്യസിച്ചതോടെ സഞ്ചയ നിർത്തലാക്കി. 31.12.2024 വരെയുള്ള വിവരങ്ങൾ ഐ കെ എം ലഭ്യമാക്കിയതിനോടു കൂടി കെ സ്മാർട്ടിലെ കണക്കുകൾ കൂട്ടി ചേർത്താണ് 31.03.2024 വരെയുള്ള ഡി സി ബി തയ്യാറാക്കി ഹാജരാക്കിയത്. കളക്ഷൻ കെ സ്മാർട്ടിൽ നിന്ന് ലഭ്യമാണ്. എന്നാൽ ഡിമാന്റ്, ബാലൻസ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഹാജരാക്കിയ ഡി സി ബി സ്റ്റേറ്റ്മെന്റിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. കൂടാതെ പ്രസ്തുത ഡി സി ബിയും വാർഷികകണക്കിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസും തമ്മിൽ പൊരുത്തമില്ല. ഐ കെ എം ലഭ്യമാക്കിയ കണക്കിൽ മുൻകൂർ അഡ്ജസ്റ്റ് ചെയ്തതിന്റേയും, മുൻകൂർ ലഭ്യമായതിന്റേയും വിവരങ്ങൾ ഇല്ല. നഗരസഭയിൽ നിന്ന് ഹാജരാക്കിയ ഡി.സി.ബി സ്റ്റേറ്റ്മെന്റിനൊപ്പം ഹാജരാക്കിയ നോട്ടിൽ ഐ കെ എം ഹാജരാക്കിയ ഡി.സി.ബി.യിൽ ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടേയും, വേക്കൻസി റെമിഷൻ, ഡിമോളിഷ്ഡ് കെട്ടിടങ്ങളുടേയും ഡിമാന്റ് തുക കൂടി ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| വസ്തു നികുതി (Current ) | വാർഷികകണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| ഡിമാന്റ് | 50093500 | 52730357 |
| കളക്ഷൻ | 35853081 | 42968804 |
| ബാലൻസ് | 14196235 | 9761553 |

| വസ്തു നികുതി (Arrear ) | വാർഷികകണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| ഡിമാന്റ് | 11129017 | 26022000 |
| കളക്ഷൻ | 6762161 | 13637326 |
| ബാലൻസ് | 4625254 | 12384674 |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 28.03.2023 | |
| കമ്മിറ്റി തീരുമാനം | കൗൺസിലിന്റെ 1-ാം നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ്<br>1248202402 | ചെലവ്<br>1221848313 |

റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 09.02.2024 | |
| കമ്മിറ്റി തീരുമാനം | കൗൺസിലിന്റെ 1-ാം നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ്<br>752131149 | ചെലവ്<br>695035869 |

**1-3 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | * 52594740 | 52594740 | 39433590 | 13161150 |
| വികസന ഫണ്ട്-എസ്.സി.പി | 0 | **20719000 | 20719000 | 12339119 | 8379881 |
| മെയിന്റനൻസ്, റോഡ് | 0 | 42194615 | 42194615 | 18238093 | 23956522 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 46176000 | 46176000 | 19210012 | 26965988 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | ***1250286 | 30687455+550874 (Interest)= 31238329 | 32488615 | 30151467 | 2337148 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | ***1781290 | 20458437 | 22239727 | 20084655 | 2155072 |
| ഹെൽത്ത് ഗ്രാന്റ് | 13504918 | 24565848 | 38070766 | 19931513 | 18139253 |
| സ്വച്ഛ് ഭാരത് (SBM) | 0 | 567753 | 567753 | 567753 | 0 |
| സ്വച്ഛ് ഭാരത് | 1135937 | 37434+28429 (Interest) | 1201800 | 407634 | 794166 |
| NULM | 0 | 8224778 | 8224778 | 8224778 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവുകളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സി.എഫ്.സി. ഗ്രാന്റ്, വികസന ഫണ്ട് എസ്.സി.പി, മെയിന്റനൻസ് നോൺ റോഡ് എന്നിവയുടെ ചെലവ് തുകകൾ വാർഷികകണക്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ആയത് ഖണ്ഡിക 1-1-14 ൽ പ്രതിപാദിച്ചിട്ടുണ്ട്.

* റവന്യൂ കളക്ഷൻ ഷോർട്ട് ഫാൾ 531260 രൂപ കുറവ് ചെയ്തിട്ടുണ്ട്. ബാലൻസ് തുകയാണ് വരവായി ചേർത്തിരിക്കുന്നത്.

**വികസന ഫണ്ട് ജനറൽ, എസ് സി പി യുടെ വരവിനോടുകൂടി ഹഡ്കോ ലോൺ തിരിച്ചടവിനായി

സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക കൂടി ചേർത്തിട്ടുണ്ട്. വികസന ഫണ്ട് ജനറലിനോടുകൂടി അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ കുറവ് ചെയ്ത തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

*** ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സി.എഫ്.സി. ഗ്രാന്റിന്റെ മുന്നിരിപ്പ്, പലിശ തുകകൾ ഉൾപ്പെട്ടിട്ടില്ല. ആയതുകൂടി ഉൾപ്പെടുത്തിയാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 406 | 300026830 | 227 | 160345413 | 53.44 | 55.91 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 407789 | 7239446 | | 667362 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 5503694 | |
| മെറ്റീരിയൽ കോസ്റ്റ് – | | | | 105084 | |
| Redemption | | | | 1000156 | |
| ആകെ | 407789 | 7239446 | 7647235 | 7276296 | 370939 |

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുമായി പൊരുത്തമില്ല. (ഖണ്ഡിക 1-1-2 B5 കാണുക) ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 2900000 | 218 |
| വിധവാപെൻഷൻ | 27975300 | 2546 |
| വാർദ്ധക്യകാലപെൻഷൻ | 70182200 | 6731 |
| *വികലാംഗപെൻഷൻ | 8403700 | 732 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1973800 | 179 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 150000 | 5 |
| മിശ്ര വിവാഹ ധനസഹായം | 60000 | 2 |
| ഓർഫനേജ് ഗ്രാന്റ് | 169792 | 1 |

*വികലാംഗപെൻഷൻ ചെലവ് തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകം ഖണ്ഡിക 1-1-16ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2025 തീയതിയിൽ 3.10 PM ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 1,79,389 രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

**1-9 കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വരവ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ നിലവിൽ വരുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുക എന്നതാണ് ലക്ഷ്യം. കേരളത്തിലെ എല്ലാ മുൻസിപ്പൽ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലുമാണ് ആദ്യ ഘട്ടത്തിൽ കെ-സ്മാർട്ട് വിന്യസിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുകയാണ് കെ-സ്മാർട്ടിലൂടെ. ഇത്തരത്തിൽ സമ്പൂർണ ഓൺലൈൻ സംവിധാനങ്ങളിലേക്ക് മാറുന്ന സാഹചര്യത്തിൽ നഗരസഭയുടെ വരവ് ചെലവ് ഇനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ നിർബന്ധിത ഘടകമാണ്. നഗരസഭയിൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ വരവിനങ്ങളുടെ പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) 01.01.2024 മുതലാണ് നഗരസഭയിൽ കെ-സ്മാർട്ട് സംവിധാനം നിലവിൽ വന്നത്. കെ-സ്മാർട്ട് സംവിധാനത്തിൽ കെ-സ്മാർട്ട് മുഖേന (ഇ പോസ് മെഷീനിലെ കെ-സ്മാർട്ട് ആപ്പ് മുഖേനയോ കെ-സ്മാർട്ട് വെബ്സൈറ്റ് മുഖേനയോ) ഓൺലൈൻ ആയി വരുന്ന വരവ് തുകകൾ ഇ-പേയ്മെന്റ് ഗേറ്റ് വേ സംവിധാനത്തിലൂടെയാണ് നഗരസഭയ്ക്ക് ലഭ്യമാകുന്നത്. ഒരു അപേക്ഷകൻ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ആനുപാതികമായുള്ള നഗരസഭ വരവ് തുകകൾ ഐ.കെ.എം.പൂൾ അക്കൗണ്ടിൽ ക്രഡിറ്റാകുകയും 48 മണിക്കൂറിനുള്ളിൽ വരവ് തുക നഗരസഭയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്യുന്നതാണ് ഇ-പേയ്മെന്റ് ഗേറ്റ്വേ സംവിധാനം. നഗരസഭയിലെ ഐ.കെ.എം പേയ്മെന്റ് ഗേറ്റ് വേ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന ട്രാൻസാക്ഷൻ റിപ്പോർട്ട്, ഡിസ്പേഴ്സ്മെന്റ് റിപ്പോർട്ട് എന്നിവയും കെ-സ്മാർട്ടിൽ ലഭ്യമാവുന്ന ഡേ ബുക്ക്, ബാങ്ക് ബുക്ക് എന്നീ രേഖകളും തുക ക്രെഡിറ്റ് ആവുന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും ഒരേ സമയം പരിശോധിക്കുന്നതിലൂടെ മാത്രമേ വരവ് തുകകൾ കൃത്യമായി നഗരസഭ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഡേ ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരമുള്ള മുഴുവൻ തുകകളും ട്രാൻസാക്ഷൻ റിപ്പോർട്ടിൽ ലഭ്യമാവുന്നുണ്ടെങ്കിലും പ്രസ്തുത തുകകൾ സ്ഥാപനത്തിന്റ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത് ക്രമരഹിതമായ രീതിയിലാണ്. അതായത് വ്യത്യസ്ത ദിവസങ്ങളിലോ ഒരേ ദിവസങ്ങളിലോ നടന്ന വിവിധ ഇടപാടുകളിലെ വ്യത്യസ്ത തുകകൾ യാതൊരു മാനദണ്ഡവുമില്ലാതെ വലിയ തുകകൾ ആക്കുകയും ഇത്തരത്തിൽ വലിയ തുകയാക്കി മാറ്റിയ തുകകൾ പിന്നീട് വീണ്ടും ക്രമരഹിതമായി ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഡേ ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ തുകകളും നഗരസഭ അക്കൗണ്ടിലേക്ക് വന്നിട്ടുണ്ടോയെന്ന ഉറപ്പ് വരുത്തൽ വളരെയധികം സമയം ആവശ്യമുള്ള പ്രവർത്തിയാണ്. 48 മണിക്കൂറിനുള്ളിൽ വരവ് തുക നഗരസഭയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ടെങ്കിലും പലപ്പോഴും ആഴ്ചകൾക്ക് ശേഷമാണ് തുകകൾ നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്നത്. കൂടാതെ ഐ.കെ.എം.പേയ്മെന്റ് ഗേറ്റ് വേ സോഫ്റ്റ് വെയറിൽ നഗരസഭ സെക്രട്ടറിയുടെ ലോഗിൻ ഐഡിയിൽ നിന്ന് മാത്രമേ മേൽ പരാമർശിച്ച ട്രാൻസാക്ഷൻ റിപ്പോർട്ട്, ഡിസ്പേഴ്സ്മെന്റ് റിപ്പോർട്ട് എന്നീ റിപ്പോർട്ടുകൾ ലഭ്യമാവുകയുള്ളൂ. പുതുതായി നിലവിൽ വന്ന ഓൺലൈൻ സംവിധാനത്തിൽ ഇ പോസ് മെഷീനിലെ കെ-സ്മാർട്ട് ആപ്പ് മുഖേനയോ കെ-സ്മാർട്ട് വെബ്സൈറ്റ് മുഖേനയോ ക്യാഷ് അല്ലാതെ ലഭ്യമാവുന്ന തുകകൾ നേരിട്ട് ബാങ്ക്ബുക്കിൽ രസീത് ചെയ്യപ്പെടുന്നതിനാലും ബാങ്ക് അക്കൗണ്ടുകളുമായുള്ള റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കാൻ സാധിക്കാത്തതിനാലും കണക്കുകളുടെ കൃത്യത എപ്രകാരമാണ് നഗരസഭയിൽ ഉറപ്പാക്കുന്നതെന്ന വിവരം ലഭ്യമല്ല. 2023-24 സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസം മാത്രമാണ് കെ-സ്മാർട്ട്

ഓൺലൈൻ സംവിധാനം നിലവിൽ വന്നത്. ഈ കാലയളവിലെ കണക്ക് വിവരങ്ങൾ സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ 01.01.2024 മുതൽ 31.03.2024 തീയതി വരെ കെ-സ്മാർട്ട് മുഖേന വരവ് വന്ന തുകകൾ എല്ലാം തന്നെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനോ പ്രസ്തുത തുകകൾ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടെന്നു ഉറപ്പ് വരുത്തുന്നതിനോ യാതൊരു സംവിധാനവുമില്ല. കൂടാതെ **നിലവിൽ ഓഡിറ്റർമാർക്ക് നഗരസഭകളിൽ നിന്നും ലഭ്യമാകുന്ന കെ-സ്മാർട്ട് ലോഗിനുകളിൽ പ്രിവിലേജ് ഉൾപ്പെടുത്തുന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ നഗരസഭകൾക്ക് തീരുമാനിക്കാവുന്ന തരത്തിൽ ആയതിനാൽ ഓഡിറ്റർക്ക് ഓഡിറ്റ് പ്രക്രിയയിൽ പൂർണ്ണ സ്വാതന്ത്ര്യമില്ല. മേൽ കാരണങ്ങളാൽ ഐ.കെ.എം പൂൾ അക്കൗണ്ടിൽ വരുന്ന നഗരസഭ വരവ് തുകകൾ കൃത്യമായി നഗരസഭ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.**

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് കട്ട് ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള "സുഗമ" പോർട്ടലിൽ ലഭ്യമാകുന്ന അപേക്ഷയിന്മേൽ കെ-സ്മാർട്ട് മുഖേനയാണ് നടപടികൾ സ്വീകരിക്കുന്നത്. എന്നാൽ "സുഗമ" പോർട്ടലിൽ ലഭിക്കുന്ന അപേക്ഷകളുടെ എല്ലാ വിവരങ്ങളും നിലവിൽ കെ-സ്മാർട്ട് പോർട്ടലിൽ ലഭിക്കുന്നില്ല. ആയതിനാലും "സുഗമ" പോർട്ടലിൽ വകുപ്പിനു ലോഗിൻ അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാലും "സുഗമ" പോർട്ടലിൽ ലഭ്യമാകുന്ന എല്ലാ അപേക്ഷയിന്മേലും നടപടി എടുത്തിട്ടുണ്ടോ എന്നതും റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ വരവ് വന്നിട്ടുള്ള തുകയുടെ ആധികാരികതയും ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3) കെ-സ്മാർട്ടിൽ ഇടപാടുകളുടെ പ്രതിദിന റിപ്പോർട്ടുകൾ മാത്രമാണ് ലഭിക്കുന്നത്. എന്നാൽ ഒരു നിശ്ചിത കാലയളവിലെ ഇടപാടുകളുടെ റിപ്പോർട്ടുകൾ ലഭിക്കുന്നില്ല. (ഉദാ: ഡേ ബുക്ക്, ചിട്ട)

4) ക്യാൻസൽഡ് രസീതിന്റെ റിപ്പോർട്ട് കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാൽ ആയത് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

5) കെ-സ്മാർട്ട് ഫിനാൻസ് മൊഡ്യൂളിൽ ലഭ്യമാകുന്ന ചെക്ക് റെസീവ്ഡ് രജിസ്റ്റർ , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ എന്നിവയിൽ 2024 ജനുവരി മുതലുള്ള എൻട്രികൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മേൽ രജിസ്റ്ററുകളിൽ, ചെക്ക് ബാങ്കിൽ ക്ലിയർ ചെയ്യപ്പെട്ട ദിനം രേഖപ്പെടുത്തുന്നതിന് പ്രൊവിഷൻ ഉണ്ടെങ്കിലും ആയത് രേഖപ്പെടുത്തിയിട്ടില്ല.

6) കെ-സ്മാർട്ട് രസീത് പരിശോധിച്ചതിൽ നിന്നും ഓരോ രസീതിനും പ്രത്യേകം സീരീസിലുള്ള രസീത് നമ്പറുകളും അതോടൊപ്പം ഒരു ക്യൂ.ആർ കോഡും പ്രത്യേകമായി നൽകുന്നുണ്ട്. ക്യൂ.ആർ കോഡ് സ്കാൻ ചെയ്യുമ്പോൾ രസീതിലെ പേര്, രസീത് നമ്പർ, തിയ്യതി, തുക തുടങ്ങിയ വിവരങ്ങൾ എല്ലാം ക്യൂ.ആർ കോഡിലൂടെ വായിക്കാൻ സാധിക്കുന്നതാണ്. എന്നാൽ ഏത് ഇനത്തിൽ ലഭിച്ച തുകയാണെന്ന് അറിയുന്നതിന് സാധിക്കുന്നില്ല. രസീതുകൾ എല്ലാം ഓൺലൈനായി ലഭിക്കുന്നതുകൊണ്ടും നിരവധി തവണ റീപ്രിന്റ് ചെയ്യാൻ സാധിക്കുമെന്നതിനാലും നിലവിൽ ഒറിജിനൽ/ഡ്യൂപ്ലിക്കേറ്റ് രസീത് എന്ന രീതി ഇല്ലാതായിട്ടുണ്ട്. ആയതിനാൽ A4 പോലുള്ള പേപ്പറുകളിൽ രസീതുകൾ പ്രിന്റ് എടുത്ത് കാണിക്കുമ്പോൾ ശരിയായ രസീത് ആണോ എന്ന് പരിശോധിക്കുന്നതിനാണ് ക്യൂ.ആർ കോഡ് സംവിധാനം രസീതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കെ-സ്മാർട്ട് സംവിധാനത്തിന്റെ മുൻഗാമിയായിട്ടുള്ള, ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിംഗ്/രസീത് സംവിധാനമായ ILGMS മുഖാന്തിരം നൽകുന്ന രസീതിൽ നൽകിയിട്ടുള്ള ക്യൂ.ആർ കോഡ് പരിശോധിച്ചാൽ ആയത് ILGMS ന്റെ വെബ്സൈറ്റ് മുഖാന്തിരം ആണ് പരിശോധിക്കപ്പെടുന്നത്. എന്നാൽ കെ-സ്മാർട്ട് മുഖേന ലഭ്യമാകുന്ന രസീതിലെ ക്യൂ.ആർ കോഡ് റീഡ് ചെയ്യുമ്പോൾ കെ-സ്മാർട്ടിന്റെ വെബ്സൈറ്റ് മുഖേനയല്ല രസീതിലെ വിവരങ്ങൾ വായിക്കാൻ സാധിക്കുന്നത്, പകരം ടെക്സ്റ്റ് ഫോർമാറ്റിൽ ആണ്. ഇത്തരത്തിൽ ടെക്സ്റ്റ് ഫോർമാറ്റിൽ വിവരങ്ങൾ കാണിക്കുന്ന തരത്തിൽ ക്യൂ.ആർ കോഡുകൾ ഓൺലൈനിൽ ആർക്കും സൗജന്യമായി തന്നെ കൃത്രിമമായി നിർമിക്കാൻ സാധിക്കുമെന്നതിനാൽ രസീതുകളിൽ കൃത്രിമത്വം നടത്തുന്നതിനുള്ള സാദ്ധ്യതകൾ വളരെയധികമാണ്. കെ-സ്മാർട്ട് സംവിധാനത്തിൽ ക്യൂ.ആർ കോഡുകൾ വെബ്സൈറ്റ് അധിഷ്ഠിതമല്ലാത്തതിനാൽ രസീതിന്റെ വിശ്വാസ്യത ഉറപ്പാക്കുന്നതിന് സാധിക്കാതെ വരുന്നു.

വരവ് തുകകളുടെ കൃത്യത പരിശോധിക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കാനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-10 രസീത് പരിപാലനം-അപാകങ്ങൾ

രസീത് പരിപാലനത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊടുങ്ങല്ലൂർ ഭരണിയോട് അനുബന്ധിച്ച് തെരുവോര കച്ചവടക്കാർക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പിരിവുകൾക്കായി നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിന് രസീത് ബുക്ക് നമ്പർ 1843, 1844 എന്നിവ ഇഷ്യൂ ചെയ്തിട്ടുണ്ട്. രസീത് ബുക്ക് നമ്പർ 1843 പ്രകാരം (രസീത് നം.92101 മുതൽ 92123 വരെ) ആകെ മുപ്പതിനായിരം രൂപയും രസീത് ബുക്ക് നമ്പർ 1844 പ്രകാരം (രസീത് നം.92151 മുതൽ 92200 വരെ) ആകെ 12000 രൂപയും ചേർത്ത് ആകെ 42,000 രൂപ, 12.04.2024ന് രസീത് നമ്പർ R-M080300-24000687 പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ അഭീഷ് കെ.ആന്റണിയുടെ പേരിൽ മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുള്ളതും ആയത് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. 04.04.24 മുതൽ 10.04.2024 വരെ കരിമ്പ് ജ്യൂസ്, സോഫ്റ്റ് ഡ്രിങ്ക്സ്, ചായക്കട എന്നിവ നടത്തുന്നതിനായി ലൈസൻസ് ഇനത്തിൽ നവാസ് ആമണ്ടൂർ എന്നവർ 08.04.2024 ന് രസീത് നമ്പർ 92114 പ്രകാരം 1000 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ കളക്ഷൻ രജിസ്റ്ററിൽ പ്രസ്തുത രസീത് പ്രകാരം 500 രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത തുക മാത്രമാണ് മുൻസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുള്ളതും. മേൽ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

കൂടാതെ രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്ന സമയത്ത് ഡബിൾ സൈഡ് കാർബൺകോപ്പി ഉപയോഗിച്ച് ഒറിജിനൽ രസീതിൽ എഴുതി, ഒറിജിനൽ മുനിസിപ്പാലിറ്റിയുടെ കൈവശം വയ്ക്കുകയും ഡ്യൂപ്ലിക്കേറ്റ് രസീത് കക്ഷികൾക്ക് നൽകുകയുമായാണ് ചെയ്യേണ്ടത്. എന്നാൽ മേൽ രണ്ട് രസീത് ബുക്കുകളിലും ഒറിജിനൽ രസീത് കക്ഷികൾക്ക് എഴുതി നൽകുകയും ഡ്യൂപ്ലിക്കേറ്റുകൾ മുനിസിപ്പാലിറ്റിയുടെ കൈവശം വയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്.

2. കേരള മുനിസിപ്പാലിറ്റിയുടെ അക്കൗണ്ട്സ് ചട്ടങ്ങൾ 2007 ലെ ചട്ടം 21 പ്രകാരം അതതു ദിവസം കളക്ട് ചെയ്യുന്ന തുക തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ 24.10.2024 ലെ കളക്ഷൻ തുകയായ 1,07,885 രൂപ 28.10.2024 തിയ്യതിയിലാണ് ബാങ്കിൽ അടവാക്കിയതായി കാണുന്നത്.

3. മുനിസിപ്പാലിറ്റിയിൽ ലഭിക്കുന്ന എല്ലാ പണവും ( ക്യാഷ് /ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ്/മറ്റു ഓൺലൈൻ സംവിധാനത്തിലൂടെ ലഭിക്കുന്ന പണം) കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2007 ലെ ചട്ടം 18 പ്രകാരം തുക ലഭിച്ച ഉടനെ തന്നെ രസീത് നൽകേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ വരവിനങ്ങളിലായി ലഭിക്കുന്ന ചെക്ക്, മുനിസിപ്പാലിറ്റി സ്വീകരിച്ച് ആയത് ബാങ്കിൽ നിക്ഷേപിച്ച് അക്കൗണ്ടിൽ ക്രെഡിറ്റ് ആയതിനുശേഷം മാത്രമാണ് രസീത് നൽകുന്നത്. ഏപ്രിൽ മാസം മാത്രം ലഭിച്ച ചെക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം. | ചെക്ക് സ്വീകരിച്ച തിയ്യതി | തുക | ചെക്ക് രസീത് ചെയ്യപ്പെട്ട തിയ്യതി |
|---|---|---|---|---|
| 1 | 522456/31.03.2023 | 01.04.2023 | 339145 | 19.05.23 |
| 2 | 000281/04.04.2023 | 04.04.2023 | 33064 | 18.04.23 |
| 3 | 000748/04.04.2023 | 04.04.2023 | 41250 | 18.04.23 |
| 4 | 071248/05.04.2023 | 10.04.2023 | 3836 | 18.04.23 |
| 5 | 000787/05.04.2023 | 10.04.2023 | 11153 | 18.04.23 |
| 6 | 180975/10.04.2023 | 10.04.2023 | 5729 | 18.04.23 |
| 7 | 000022/17.04.2023 | 17.04.2023 | 99416 | 05.05.23 |

4. 18.03.2024 ലെ ഡേ-ബുക്ക് പരിശോധിച്ചതിൽ സരസ്വതി.T യുടെ പേരിലുള്ള രസീത് നമ്പർ R-M080300-23011045 പ്രകാരം, ബാങ്ക് മുഖേന ലഭിച്ച 277 രൂപ, കാഷ് ആയി ലഭിച്ചു എന്ന രീതിയിൽ തെറ്റായി

രസിത് ചെയ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഡേ-ബുക്ക് പ്രകാരമുള്ള ആകെ കളക്ഷൻ തുകയിൽ നിന്നും 277 രൂപ കുറവ് ചെയ്താണ് അന്നേദിവസം ബാങ്കിൽ അടവാക്കിയിട്ടുള്ളത്. പ്രസ്തുത രസീത് ക്യാൻസൽ ചെയ്യേണ്ടുന്നതിനു പകരം ആയത് ക്യാഷ് എന്ന രേഖപ്പെടുത്തിയത് ബാങ്ക് ആയി രേഖപ്പെടുത്തുന്നതിനായി ഐ.കെ.എം ന് അപേക്ഷിച്ചിട്ടുള്ളതായി ഡേ-ബുക്കിൽ രേഖപ്പെടുത്തിയതായി കണ്ടു. എന്നാൽ നാളിതുവരെയും മേൽ തുക ക്യാഷിന് പകരം ബാങ്കായി തിരുത്തപ്പെട്ടിട്ടില്ലാത്തതാണ്. ഐ.കെ.എം വഴി മേൽ തിരുത്തൽ വരുത്തിയാൽ കക്ഷിക്ക് നൽകിയിട്ടുള്ള ഒറിജിനൽ രസീതിലും മുൻസിപ്പാലിറ്റിയിലെ കണക്കുകളിലും തുക വ്യത്യാസപ്പെട്ടിരിക്കും. പ്രസ്തുത രസീത് ക്യാൻസൽ ചെയ്തു മറ്റൊരു രസീത് കക്ഷിക്ക് നൽകാതിരുന്നതിന്റെ കാരണം വ്യക്തമായില്ല.

5. അതത് ദിവസം ലഭിക്കുന്ന കളക്ഷൻ തുക അതത് ദിവസമോ തൊട്ടടുത്ത ദിവസമോ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. അങ്ങനെ നിക്ഷേപിച്ച ശേഷം, കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2007 ലെ ചട്ടം 05 പ്രകാരം, ബാങ്കിൽ നിക്ഷേപിച്ച അതേദിവസം തന്നെ കാഷ് ബുക്കിൽ കോൺട്രാ എൻട്രി വരുത്തേണ്ടതാണ്. എന്നാൽ പല സമയങ്ങളിലും നാലഞ്ചു ദിവസങ്ങളിലെ കളക്ഷൻ തുകകൾ ഒന്നിച്ചാണ് ക്യാഷ് ബുക്കിൽ കോൺട്രാ എൻട്രി വരുത്തുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | കളക്ഷൻ തിയ്യതി | തുക | ബാങ്കിൽ അടവാക്കിയ തിയ്യതി | കാഷ് ബുക്കിൽ എൻട്രി ചേർത്ത തിയ്യതി |
|---|---|---|---|---|
| 1 | 06.11.24 | 182976 | 07.11.2024 | 15.11.2024 |
| 2 | 07.11.24 | 51656 | 08.11.2024 | |
| 3 | 08.11.24 | 101746 | 11.11.2024 | |
| 4 | 11.11.24 | 155255 | 13.11.2024 | |
| 5 | 12.11.24 | 130667 | 13.11.2024 | |
| 6 | 13.11.24 | 56589 | 14.11.2024 | |

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് എൻക്വയറി നം.70/28.02.2024). മറുപടി ലഭ്യമാക്കേണ്ടതും രസീതുകൾ കൈകാര്യം ചെയ്യുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-11 ഇടപാടുകൾ ഇല്ലാത്ത അക്കൌണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

വാർഷികകണക്ക് പരിശോധനയിൽ നഗരസഭയുടെ താഴെ ചേർക്കുന്ന അക്കൗണ്ടുകളിൽ 2023-24ൽ ഇടപാടുകൾ ഒന്നും നടന്നിട്ടില്ല എന്ന് കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

എ) കൊടുങ്ങല്ലൂർ ടൗൺ കോ ഓപ്പറേറ്റീവ് ബാങ്ക് (OLD)

ബി) എച്ച് ഡി എഫ് സി റെന്റ്

സി) ടി ഡി സി ബി പി എം എ വൈ ലോൺ

ഡി) IHSDP ഇന്ത്യൻ ബാങ്ക്

മേൽ അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്തുന്നില്ലായെങ്കിൽ അവ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ടതാണ്

മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ബിസിനസു നടത്തുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരു സ്ഥാപനവും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥനാണ്. (കേരള മുനിസിപ്പാലിറ്റി ആക്ട് 1994 , വകുപ്പ് 245A)

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | വാർഡ് | ഉടമസ്ഥന്റെ/ സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധ വർഷങ്ങൾ | തുക |
|---|---|---|---|---|
| 1 | 3/137 | റേഷൻ കട | II | 1000 |
| 2 | 3 | ബജാജ് ഹൗസ്, അപ്ളൈൻസ് | I&II | 2500 |
| 3 | 4/149 | സിറ്റി ഗേൾ ഫാൻസി | II | 1000 |
| 4 | 4 | ലോകമലേശ്വരം കുറീസ് | II | 1250 |
| 5 | 4 | ICICI ബാങ്ക് | I&II | 2500 |
| 6 | 5 | HDFC ബാങ്ക് | I&II | 2500 |
| 7 | 4/ 1284 | ബ്രൈറ്റ് ഗോൾഡ് | I& III | 2500 |
| 8 | 4/1338 | ജനനി ഹോം അപ്ലയൻസ് | I &II | 2500 |
| 9 | 4/1530 | ഹോട്ടൽ മംഗള | I&Ii | 2500 |
| 10 | 4/1550 | സുമംഗല ജ്വല്ലറി | I &II | 2500 |
| 11 | 4/69(2),69(A) | ക്രാഫ്റ്റ് A R സെന്റർ | I &II | 2500 |
| 12 | 4/188(b) | പൂർണ്ണിമ ജ്വല്ലറി | I&ii | 2500 |
| 13 | 4/36 | ലോഡ്ജ് | I&ii | 2500 |
| 14 | 5/ 652 -D11 | സിൽവർ സ്റ്റോം പാർക്ക് | I & II | 2500 |
| 15 | 5 | മാനസി ഗോൾഡ്, പവിഴം ടവർ | I&II | 2500 |
| 16 | 6/424 | NEE PEE ട്രേഡേഴ്സ് | II | 1250 |
| 17 | 7/218 | റേഷൻ കട | I &II | 2000 |
| 18 | 7/136 | കള്ള് ഷാപ്പ് | I&Ii | 2500 |
| 19 | 7 | കോ-ഓപ്പറേറ്റീവ് ബാങ്ക്. ചാപ്പാറ.51/1 | I | 1250 |
| 20 | 10/38 | ടിമ്പർ മിൽ | I &II | 2500 |
| 21 | 10/448 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.611 | I&II | 2500 |
| 22 | 10/456-2 | ഫാമിലി ഡെന്റൽ ക്ലിനിക് | I&II | 2500 |
| 23 | 12/224 A2 | വലിയവീട്ടിൽ ഏജൻസീസ് | I&II | 2500 |
| 24 | 17/456-B | കൊല്ലങ്കുഴിയിൽ സ്റ്റീൽസ് | I &II | 2000 |
| 25 | 17/ 640 | ക്രാങ്കന്നൂർ കഫേ& ബാക്കറി | I&II | 2500 |
| 26 | 17/ 814,815 | ജ്യോതി അസോസിയേറ്റ്സ് | I&II | 2500 |
| 27 | 41/ 607 | ടേപ്പ് സ്റ്റൈൽ ഫർണീഷ് | I&II | 2500 |
| 28 | 43/144 | റേഷൻ കട | I &II | 2000 |
| 29 | 8/ 42-1,2 | കുറുപ്പം തറയിൽ ടൈൽസ് & സാനിറ്ററീസ് | I &II | 2500 |
| 30 | 18 | സോണിക് പവർ സൊലൂഷൻ | I &II | 2500 |
| 31 | 18 | റിലയൽസ് റിട്ടെയിൽ സ്മാർട്ട് പോയിന്റ് | I &II | 2500 |
| 32 | 21 | ഇൻഡസ് ഇൻഡ് ബാങ്ക് | I &II | 2500 |
| 33 | 22 | കെ.എഫ്. ഹെൻറി - ARD No.20 റേഷൻ കട | I &II | 2000 |
| 34 | 24 | രാജു ഹോർമിസ് – മണ്ണെണ്ണ സ്റ്റോറേജ് | I &II | 2500 |
| 35 | 24 | ജോസഫ്.കെ.ജെ – റേഷൻ കട | I &II | 2000 |
| 36 | 24 | ഹരിദാസ് പി.വി- ARD No. 1845025 | I &II | 2000 |

| | | | | |
|---|---|---|---|---|
| | | റേഷൻ കട | | |
| 37 | 25 | കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി | I &II | 2500 |
| 38 | 25 | ജോർജ് ജോസഫ്.കെ.ജെ, ചാർട്ടേഡ് അക്കൗണ്ട് ഓഫീസ് | I &II | 2500 |
| 39 | 26 | റേഷൻ കട | I &II | 2000 |
| 40 | 37 | റേഷൻ കട | I &II | 2500 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽആയതിന്റെ വിവരവും,കെട്ടിട നമ്പർ ലഭ്യമല്ലാത്ത സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (51/27.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭാ പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്. സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് മുമ്പായി തൊഴിൽനികുതി അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കേണ്ടതാണ്

മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥനാണ്. (കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994 , വകുപ്പ് 245B)
തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | വാർഡ് | ഉടമസ്ഥന്റെ/സ്ഥാപനത്തിന്റെ പേര് | അർദ്ധഅടവാക്കാത്ത അർദ്ധ വർഷങ്ങൾ |
|---|---|---|---|
| 1 | 28 | CMMOLP സ്കൂൾ ചേരമാൻ ജംഗ്ഷൻ | I&II |
| 2 | 28 | രുചി ഫാസ്റ്റ് ഫുഡ് | I&II |
| 3 | 28 | TVS ഷോപ്പ് | I&II |
| 4 | 21 | എക്സൈസ് ഇൻസ്പെക്ടർ റേഞ്ച് ഓഫീസ് | I&II |
| 5 | 25 | പ്രൊപ്രൈറ്റർ, വോക്സ് വാഗൺ ലിമിറ്റഡ്, ഠി.കെ.എസ് പുരം | I&II |
| 6 | 29 | പേസ്റ്റ് മാസ്റ്റർ | I&II |
| 7 | 34 | പ്രൊപ്രൈറ്റർ, മുസ്‌രിസ് നിധി ലിമിറ്റഡ്, അഞ്ചപ്പാലം | I&II |
| 8 | 41 | പ്രൊപ്രൈറ്റർ, കെ.സി.സി ട്യൂഷൻ വിങ്ങ് | I&II |
| 9 | | ഭീമ ജ്വല്ലറി | I&II |
| 10 | | തിരുവോണം ലോട്ടറീസ് | I&II |
| 11 | | ശോഭ പോളിഗൺ | I&II |
| 12 | | എഡിസൺ ഇലക്ട്രിക്കൽ | I&II |
| 13 | | അശ്വതി ബാർ & ഹോട്ടൽ | I&II |

| | | | |
|---|---|---|---|
| 14 | | പൂർണ്ണിമ ജ്വല്ലറി | I&II |
| 15 | | പണിക്കേഴ്സ് ഹോസ്പിറ്റൽ | I&II |
| 16 | | കല്ല്യാൺ ജ്വല്ലേഴ്സ് | I&II |
| 17 | | ക്ലാസ്സിക് ഇലക്ട്രിക്കൽസ് | I&II |
| 18 | | മലബാർ ഗോൾഡ് & ഡയമണ്ട്സ് | I&II |
| 19 | | സ്വയംവര സിൽക്ക്സ് | I&II |
| 20 | | കൽപ്പക വെഡിങ്ങ് സെന്റർ | I&II |

തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.59/ 27.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കേണ്ടതാണ്

2023-24 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ (എംപാനൽഡ് കോൺട്രാക്ടർമാർ) നിന്നും തൊഴിൽനികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. സജീവൻ.പി.എ

2. കിരൺ.എം.ജി

3. സച്ചിൽ.എം.എസ്

4. വിനു ശിവദാസ്.എം

5. അങ്കുഷ്.കെ.പി

6. പി.എ. മുഹമ്മദ് സഗീർ

7. സന്ദീപ്.ടി.എൻ

8. പ്രസൂൺ.വി.പി

9. വിശ്വംഭരൻ.കെ.ബി

10. രഞ്ജിത്.ടി

11. സുനിൽ കുമാർ.ടി.സി

12. എ.എം.ഷാനവാസ്

13. സത്യജിത്ത്

തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം.45/25.02.025) തൊഴിൽ നികുതി അടവാക്കാത്ത കരാറുകാരിൽ നിന്നും നികുതി ഈടാക്കുന്നതിനും മറ്റു തദ്ദേശസ്ഥാപനങ്ങളിൽ അടവാക്കിയിട്ടുണ്ടോ എന്ന് അന്വേഷിച്ചതിനു ശേഷം അടച്ചിട്ടില്ലെങ്കിൽ ടിയാൻമാരിൽ നിന്നും നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-14 നഗരസഭ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ കടമുറികളിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 30.10.2020 ലെ സർക്കാർ ഉത്തരവ് (പി) 62/2020/തസ്വഭവ പ്രകാരമുള്ള ഭേദഗതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. വാടക രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള (മെയിൻ & സോണൽ) ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവർ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് എടുത്തതിന്റെ വിവരം ലഭ്യമായില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം(മെയിൻ ഓഫീസ്) | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | IV/1022 | P.A. സജീവൻ |
| 2 | IV/1041 | വേണുഗോപാൽ |
| 3 | XVIII/216 | ആന്റണി |
| 4 | XVIII/219 | M. N സജീഷ് |
| 5 | XVIII/211 | ലാലാ ബോസ് |
| 6 | XVII/738 | കല്യാൺ റാം V. P |
| 7 | XVII/732 | ഷാജു U.G |
| 8 | XVII/729 | ഹനീഷ് കുമാർ |
| 9 | XVII/728 | രാഖി ബാബു |
| 10 | XVII/727 | P.K. വിധു |
| 11 | XVII/726 | സെക്രട്ടറി സാഫ് |
| 12 | XVII/723 | M.S സാജു |
| 13 | XVII/722 & 758 | ധന്യ K . R |
| 14 | XVII/730 | സിജിൽകുമാർ |
| 15 | XVII/743 | സലീഷ് |
| 16 | XVII/744 | P.L പ്രദീപൻ |
| 17 | XVII/748 | K.T ഗോപാലകൃഷ്ണൻ |
| 18 | XVII/749 | ഗിരീശൻ T.V |
| 19 | XVII/750 | K.P സുമേഷ് |
| 20 | XVII/752 | ഡിബിൻ തോമസ് |
| 21 | XVII/753 | അബ്ദുൾ കരിം |
| 22 | XVII/741 | രാജു |
| 23 | XVII/704 | ശങ്കരൻമേനോൻ |
| 24 | XVII/705 | K.P പ്രീതി |
| 25 | XVII/706 | അനീഷ് |
| 26 | XVII/715 & 714 | സെയ്തു എം.എ |

| ക്രമ നം | കെട്ടിട നം(സോണൽ) | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | XXXVIII/113,114,115,116 | സെക്രട്ടറി,<br>സൊസൈറ്റി ഫോർ സയൻസ് |
| 2 | XL1/254(1) | ഉണ്ണികൃഷ്ണൻ |
| 3 | XL1/199 | സുധൻ |
| 4 | XL1/252 | സുധൻ |
| 5 | XL1/206 | രേഖ K.J |
| 6 | XL1/202 | രഘുവരൻ |
| 7 | XL1/201 | ഉണ്ണികൃഷ്ണൻ പെരുങ്ങോട്ട് |
| 8 | XXIV/488A | വെജിറ്റബിൾ മാർക്കറ്റ് |
| 10 | XXIV/486 | ഷെരീഫ് അലി |
| 11 | XXIV/488 | ഹവ്വ E. A |

| | | |
|---|---|---|
| 12 | XXIV/498 | തങ്കച്ചൻ |
| 13 | XXIV/500 | A.F കുഞ്ഞുമുഹമ്മദ് |
| 14 | XXIV/502 | അബ്ദുൾ സലിം |
| 15 | XXIV/504 | P.K സുധാകരൻ |
| 16 | XXIV/506 | P.K സുധാകരൻ |
| 17 | XXIV/509 | ഉമൈബ |
| 18 | XXIV/513 | M . J ജോസഫ് |
| 19 | XXIV/516 | M . J ജോസഫ് |
| 20 | XXIV/519 | ജെയ്സൺ |
| 21 | XXIV/518 | പ്രദീഷ് T . V |
| 22 | XXIV/517A | C . P ജോസ് |
| 23 | XXIV/517B | O. T മൈക്കിൾ |
| 24 | XXIV/581 | O. E ബാബു |
| 25 | XXIV/539G | ഏകലവ്യൻ |
| 26 | XXIV/517E | ബിജോയ് |
| 27 | XXIV/517D | ജെയ്വിൻ ജോസ് |
| 28 | XXIV/539E | വിഷ്ണു M . M |
| 29 | XXIV/539A | സജീവ് |
| 30 | XXIV/539B | കൊച്ചുറാണി |
| 31 | XXIV/539J | പ്രദീപ്കുമാർ P.P |
| 32 | XXIV/539(1) | അസ്സീസ്സ് |
| 33 | XXIV/539(2) | ജാഫർ |
| 34 | XXIV/539(3) | ആസിം. M M |
| 35 | XXIV/539(4) | അനിൽകുമാർ |
| 36 | XXIV/539(5) | മുനീർ |
| 37 | XXIV/539(6) | തങ്കപ്പൻ |
| 38 | XXIV/539(7) | അബ്ദുൾ റഹ്മാൻ |
| 39 | XXIV/539(8) | ജോസഫ് ആന്റണി |
| 40 | XXIV/539(9) | സുനിൽ C. A |
| 41 | XXIV/539(10) | സുനിൽ C. A |
| 42 | XXIV/539(11) | വിഷ്ണു M . M |
| 43 | XXIV/539(12) | വിഷ്ണു M . M |
| 44 | XXIV/539(13) | ഏകലവ്യൻ |
| 45 | XXIV/539(14) | വസന്തൻ |
| 46 | XXIV/539(15) | പവനൻ |
| 47 | XXIV/539(18) | ഉദയൻ |

മേൽ കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2023-24 വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം. 37/27.2.2025). പ്രസ്തുത സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-15 ലേലസംഖ്യ മുഴുവനും ഈടാക്കിയില്ല

നഗരസഭ അധീനതയിലുള്ള പടാകുളത്തിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള കുത്തകാവകാശം 18.3.2023ലെ 6-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 67000 രൂപക്ക് (ഓഫർ) ഏറ്റെടുത്തിട്ടുള്ള അനിൽകുമാർ, ചക്കാണ്ടി എന്നവർ 22400 രൂപ നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. ബാക്കി തുക 8 ഗഡുക്കളായി അടവാക്കണമെന്നതാണ് നിബന്ധന. 26.6.2023ലെ R2-314/23 നമ്പർ കത്തിലൂടെ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ തുക (ജി.എസ്.ടി, പിഴ പലിശ ഉൾപ്പെടെ 20524 രൂപ) 7 ദിവസത്തിനകം അടവാക്കണമെന്ന് സെക്രട്ടറി അറിയിപ്പ് നല്കിയിട്ടുണ്ടെങ്കിലും ബാക്കി തുകയൊന്നും തന്നെ ടിയാൾ അടവാക്കിയിട്ടില്ല. തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30 / 24.2.2025) തുക ഈടാക്കുന്നതു സംബന്ധിച്ച് ടിയാൾക്ക് കത്ത് നല്കിയിട്ടുണ്ടെന്നും 31.3.2025നുള്ളിൽ തുക അടവാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ലൈസൻസ് - അപാകങ്ങൾ

1) 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3(2) പ്രകാരം നഗരസഭാ പരിധിയിലെ സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2023-24 വർഷം ലൈസൻസ് എടുത്തതിന്റെ വിവരം ലഭ്യമായില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിടനം | സ്ഥാപനം |
|---|---|---|
| 1 | 2 | ബജാജ് ഫിനാൻസ് ലിമിറ്റഡ് |
| 2 | 2 | CFCICI ചന്തപ്പുര |
| 3 | 2 | IIFL സമസ്ത ഫിനാൻസ് ലിമിറ്റഡ് |
| 4 | 4/228,229 | മൈ ജിൻജർ മൊബൈൽസ് |
| 5 | 4/260 | കെ.ആർ ബേക്ക്സ് &റസ്റ്റോറൻറ്സ് |
| 6 | 4 | യുണൈറ്റഡ് റക്സിൻ മാർട്ട് |
| 7 | 4 | ഗ്രീൻ ഗാർഡൻ ലോഡ്ജ് |
| 8 | 4 | ഗോൾഡ് ലോൺ, വെസ്റ്റ് നട |
| 9 | 4 | മെഹബാൻ സൂപ്പർ മാർക്കറ്റ് |
| 10 | 4/248A,B,C,D,E | ബ്ലൂലൈൻ അപാർട്ട്മെന്റ് |
| 11 | 4/449 | ക്രാങ്കന്നൂർ മൾട്ടിപർപ്പസ് |
| 12 | 4/486,489 | പ്ലേ സ്റ്റോർ സ്പോർട്ട്സ് |
| 13 | 4/658 | പണിക്കേഴ്സ് ഹോസ്പിറ്റൽ |
| 14 | 4/814 | റോയൽ ഇൻ ലോഡ്ജ് |
| 15 | 4/859 | മിത്ര മെഡിക്കൽ സെന്റർ ക്ലിനിക് |
| 16 | 4/1225 | ശ്രീ വിനായക് ഗ്യാസ് ഏജൻസി |
| 17 | 4/1077B | DTC നിധി ലിമിറ്റഡ് |
| 18 | 4/1197 | പണിക്കശ്ശേരി ട്രേഡേഴ്സ് |
| 19 | 4/104 | മണപ്പുറം ഫിനാൻസ് |

| | | |
|---|---|---|
| 20 | 4/611 | കൊശമറ്റം ഫിനാൻസ് |
| 21 | 4/353 | ഗോകുലം ചിറ്റ്സ് &ഫിനാൻസ് പ്രൈ. ലിമിറ്റഡ് |
| 22 | 4/762(2) | MCK നിധി ലിമിറ്റഡ് |
| 23 | 4/652D11 | സിൽവർ സ്റ്റോം പാർക്ക് |
| 24 | 4 | ബ്ലൂ ചിപ്പ് ഇൻഷുറൻസ് |
| 25 | 3/453 | മൈനാകം ഫിനാൻസ് |
| 26 | 13 | അൽ ഫിദ ഈറ്റ് ആന്റ് ഡ്രിങ്ക് |
| 27 | 13 | സ്പന്ദന ഫിനാൻഷ്യൽ ലിമിറ്റഡ് |
| 28 | 17/271 | കോവിലകത്ത് ഗ്യാസ് ഏജൻസീസ് |
| 29 | 17/923(1,2,3) | ബ്രഹ്മ ടൂറിസ്റ്റ് ഹോം |
| 30 | 17/674 | കൂൾമാൾ |
| 31 | 17/959(5) | സവാര |
| 32 | 17/247 | ലിഡ് ഇൻഡക്സ് |
| 33 | 17/450 | നീരാളി ഫിഷ് സ്റ്റാൾ |
| 34 | 17/427 | കൊറിയൽ ബേക്കറി &സൂപ്പർ മാർക്കറ്റ് |
| 35 | 17 | ക്രാങ്കന്നൂർ കേബിൾ വിഷൻ പ്രൈ. ലിമിറ്റഡ് |
| 36 | 17 | ആപ്പിൾ മൊബൈൽസ് |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ ലൈസൻസ് രേഖകൾ ഹാജരാക്കേണ്ടതാണ്.

2) 30.10.2020 ലെ സർക്കാർ ഉത്തരവ് (പി)62/2020/തസ്വഭവ പ്രകാരമുള്ള ഭേദഗതി ചട്ടങ്ങൾ പട്ടിക II ലെ ക്രമനം 333 ടർഫ് ഗ്രൗണ്ട് , 387 കള്ള് ഷാപ്പ് തുടങ്ങിയവ ലൈസൻസോടെ പ്രവർത്തിക്കേണ്ടതാണ്. നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന AK47 (വാർഡ് 35), ഗ്രീൻഫീൽഡ് അറീന (വാർഡ് 40) എന്നീ ടർഫുകൾ, കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തതിന്റെ വിവരം ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, അല്ലാത്ത പക്ഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം. 61/28.2.2025).

## 1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല

1994 കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 312,313, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3,4,5 പ്രകാരം മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്ട്രേഷനോട് കൂടി പ്രവർത്തിക്കേണ്ടതാണ്.

2022-23, 2023-24 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകൾ , അപേക്ഷകൾ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | വാർഡ്/ കെട്ടിട നമ്പർ |
|---|---|---|
| 1 | സ്സൈക്ക ലബോറട്ടറി, കൊടുങ്ങല്ലൂർ | IV/ 152 |
| 2 | A R മെഡിക്കൽ സെന്റർ | IV /180A |
| 3 | ഹിയറിങ്ങ് ലൈഫ് ഓഡിയോളജി | IV /839 |
| 4 | കോട്ടക്കൽ ആര്യവൈദ്യാശ്രമം | IV/1012 |
| 5 | സുഭദ്ര ലാബ് | IV /1297 |

| | | |
|---|---|---|
| 6 | ഡെന്റൽ ഹെൽത്ത് സ്പെഷ്യാലിറ്റി സെന്റർ | V/ 268,269 |
| 7 | DDIC സ്കാൻ സെന്റർ | V/ 692C |
| 8 | കൃഷ്ണ ഫാർമസി ചന്തപ്പുര | V/1017 |
| 9 | അർച്ചന ആയുർവേദ സെന്റർ | V/1068 |
| 10 | സാന്ത്വന ഐ ക്ലിനിക് | V/1076D |
| 11 | ആൽഫ ലാബ് | XLI/832 |
| 12 | ശ്രീ രാജഗോപാൽ വൈദ്യശാല | XVI/264B |
| 13 | KMN വൈദ്യശാല , ശൃംഗപുരം | XVIII/319 |
| 14 | കൃഷ്ണ ക്ലിനിക് | XVIII/775 |
| 15 | ധന്യ ഹോമിയോ ക്ലിനിക് | XL/686 |
| 16 | KMN വൈദ്യശാല , എൽത്തുരുത്ത് | XXIV/203 |
| 17 | വെൽക്യവർ ഹോമിയോപ്പതി | XXIV/630C |
| 18 | ഡോ. മിഥുൻ ഹോമിയോ ക്ലിനിക് | XXXIV/305 |
| 19 | ഡോ.റീംസ് മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | XXXV/473(A2) |
| 20 | GEMS ഡെന്റൽ കെയർ, മാടവന | XXXVI/422(G) |

രജിസ്റ്റർ ചെയ്യാതെയും നിയമവിരുദ്ധമായും പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 314 പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കേണ്ടതാണെന്നും, അതിനുശേഷവും വ്യവസ്ഥകൾ പാലിക്കപ്പെടാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളിൽ നിന്നോ, പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നോ, ഓരോ ദിവസവും 1000 രൂപ വരെയുള്ള നിരക്കിൽ ശിക്ഷാതുക ഈടാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും പിഴ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35/27.2.2025) രജിസ്ട്രേഷൻ പുതുക്കാത്തവർക്ക് പിഴ ചുമത്തി നോട്ടീസ് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**1-18 ലേലം തുടർനടപടികൾ അറിയിക്കേണ്ടതാണ്**

1) ഫയൽ നം. PW3 A1 19503/22 പരിശോധനയിൽ V.K. രാജൻ മെമ്മോറിയൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ ഉപയോഗശൂന്യമായ ബെഞ്ച്, ഡസ്ക്, മേശ തുടങ്ങിയവ 2000 രൂപയ്ക്ക് ലേലം ചെയ്യുന്നതിന് തീരുമാനിക്കുകയും (22.3.2023 ലെ 7ാം നമ്പർ പബ്ലിക് വർക്സ് സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം) 25.4.2023 ന് ലേലം നടത്തുകയും ചെയ്തെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല.

2) ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിറ്റ്സ് പരിശോധനയിൽ 11.4.2023 ലെ അജണ്ട 34 - PH1-17003/22 പ്രകാരം നഗരസഭ വാർഡ് 33 ലെ 34ാം നമ്പർ അംഗനവാടിയിലെ തേക്ക് മരം (സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും 52422 രൂപ വില നിശ്ചയിച്ചിട്ടുണ്ട്) മുറിച്ച് മാറ്റി ലേലം ചെയ്യുന്നതിന് ഓഫർ ക്ഷണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ചവയുടെ തുടർനടപടി വിവരങ്ങൾ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. (ഓഡിറ്റ് അന്വേഷണം നം.30 / 24.2.2025). ലേലം നടത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**1-19 വാടക -അപാകങ്ങൾ**

1) സോണൽ ഓഫീസിലെ താഴെ പറയുന്ന കെട്ടിടമുറികൾ 2023-24 സാമ്പത്തിക വർഷം ഒഴിവായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. |
|---|---|
| 1 | 41/204 |
| 2 | 24/497 |
| 3 | 24/539D |
| 4 | 24/539H |
| 5 | 24/539C |
| 6 | 41/204 |
| 7 | 41/194 |
| 8 | 41/253 |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ വാടകയ്ക്ക് നല്കാതിരുന്നതിന്റെ കാരണം, സ്വീകരിച്ച തുടർനടപടി വിവരങ്ങൾ എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/24.2.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 130400100 - Rent From Lease Of Lands എന്ന ശീർഷകത്തിൽ 151000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ/ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പ്രസ്തുത വരവിന്റെ കൃത്യത പരിശോധിക്കാനായില്ല (ഓഡിറ്റ് അന്വേഷണം നം. 31/24.2.2025). മേൽ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാധാരമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3) വാർഷികകണക്ക് പ്രകാരം താഴെ പറയുന്ന ശീർഷകങ്ങളിൽ വാടകയിനത്തിൽ കുടിശ്ശികയുണ്ട്. ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.30 / 24.2.2025)

| ശീർഷകം | ഇനം | തുക |
|---|---|---|
| 431400101 | Rent Receivable From Civic Amenities (Current) | 580975 |
| 431400102 | Rent Receivable From Civic Amenities (Arrears) | 15074 |
| 431400107 | Rent Receivable From Lease On Lands (Current) | 31511 |
| 431400108 | Rent Receivable From Lease On Lands (Arrears) | 70662 |
| 431400199 | Other Rent Receivable (Arrears) | 858933 |

**1-20 ടർഫുകൾ അനധികൃതമായി പ്രവർത്തിക്കുന്നു**

സ. ഉ. (കൈ) നം. 77/2023 ത.സ്വ.ഭ.വ തീയതി: 22.3.23 ഉത്തരവ്, 5.4.23 ലെ സ. ഉ. (അച്ചടി) നം.26/2023 /ത.സ്വ.ഭ.വ എന്നിവയ്ക്ക് വിധേയമായി കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി 25.08.2023 തീയതിയിലെ R2-6044/23 നമ്പർ അന്തിമവിജ്ഞാപനം പ്രകാരം 01.04.23 മുതൽ പ്രാബല്യത്തിൽ സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (വാണിജ്യ സ്വഭാവത്തോട് കൂടിയവ) എന്നിവക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ചതുരശ്ര മീറ്ററിന് 50/- എന്ന് നിശ്ചയിച്ചിട്ടുണ്ട്. കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഇത്തരം സ്ഥാപനങ്ങൾ ഒന്നും തന്നെയില്ലെങ്കിലും മുനിസിപ്പാലിറ്റി പരിധിയിൽ AK-47 (വാർഡ് 35), Green Field Arena (വാർഡ് 40) എന്നീ ടർഫുകൾ പ്രവർത്തിച്ചു വരുന്നതായി കണ്ടു. നാളിതുവരെ മുനിസിപ്പാലിറ്റിയിൽ നിന്നും നമ്പർ ലഭിക്കുകയോ, അനുമതിയോ കൂടാതെ അനധികൃതമായി പ്രവർത്തിച്ചു വരുന്ന പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/21.02.2025) നിലവിൽ ടർഫുകൾക്ക് പെർമിറ്റ് എടുക്കേണ്ട ആവശ്യമില്ലാത്തതിനാൽ ടി ടർഫുകളുടെ ഏരിയ അളന്ന് തിട്ടപ്പെടുത്തി എഞ്ചിനീയറിങ് വിഭാഗത്തിൽ നിന്ന് ലഭിക്കുന്ന മുറക്ക് നമ്പർ നൽകി നികുതി നിർണ്ണയിച്ച് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. ആയതിനാൽ മേൽ ടർഫുകളിൽ നിന്നും ചട്ടപ്രകാരം

വസ്തുനികുതി ഈടാക്കി വിവരമറിയിക്കേണ്ടതും, ഫീൽഡ് പരിശോധന നടത്തി മുനിസിപ്പാലിറ്റി പരിധിയിൽ മറ്റു ടർഫുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവയെ കണ്ടെത്തി വസ്തുനികുതി ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-21 അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്**

സഞ്ചയ സോഫ്റ്റ്‌വെയർ, കെ-സ്മാർട്ട് എന്നിവ പരിശോധിച്ചതിൻ പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയിലെ താഴെ സൂചിപ്പിച്ചിരിക്കുന്ന അനധികൃത കെട്ടിടങ്ങളിൽ (UA രജിസ്റ്റർ പ്രകാരമുള്ളത്) നിന്നും പട്ടികപ്പെടുത്തിയ കാലയളവ് മുതൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് / കെട്ടിട നം. | ഉടമസ്ഥന്റെ പേര് | നിലവിലെ വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | IX /242-A | ചന്ദ്രൻ | 19480 | 2017-18 മുതൽ 2023-24 വരെ |
| 2 | XI /101 B | ലീന | 106669 | 2022-23 മുതൽ 2023-24വരെ |
| 3 | X /41-A | വിപിൻ | 7639 | 2023-24 II Half |
| 4 | X /815-2 | സുരേഷ് ബാബു | 53488 | 2020-21മുതൽ 2023-24വരെ |
| 5 | VIII /79 -A | സെക്രട്ടറി, കുടുംബി സേവ സംഘം | 44038 | 2022-23മുതൽ 2023-24വര |

മേൽ കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46/25.02.25) മേൽ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-22 റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു**

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ 8-ാമത്തെ ശുപാർശ പ്രകാരം തനത് റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2022-23 വർഷം മുതലുള്ള അലോട്മെന്റിൽ നിന്നും എസ്.സി/എസ്.ടി ഫണ്ടുകൾ അല്ലാതെയുള്ള പൊതുവിഭാഗം ഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്ന് 1% തുക ഈടാക്കുന്നതിന് സ.ഉ.(കൈ) 179/2022/ധന തീയതി 18.10.22 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാംഗഡു വികസനഫണ്ട് അനുവദിച്ചുകൊണ്ടുള്ള സ.ഉ.(സാധാ)നം.2858/2024/ധന തീയതി 22.03.2024ൽ കൊടുങ്ങല്ലൂർ നഗരസഭയ്ക്കുള്ള വികസനഫണ്ടിൽ നിന്നും 5,31,260 രൂപ കുറവ് ചെയ്തിട്ടുണ്ട്. ഓരോ ഇനത്തിലുമുള്ള വരവുകളുടെ കൃത്യത പരിശോധിക്കാൻ കഴിയുന്ന വിധം ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ നഗരസഭയുടെ ഭാഗത്തു നിന്നും അലംഭാവം ഉണ്ടായിട്ടുണ്ട്.

മേൽപ്രകാരം റവന്യൂ ഡിമാന്റിന്റെ 90% പിരിച്ചെടുക്കാതിരുന്നതിന് കാരണം അറിയിക്കുന്നതിനും, 5,31,260 രൂപ വികസനഫണ്ടിൽ നഷ്ടപ്പെടുത്തിയതിനുമുള്ള സ്ഥാപനത്തിന്റെ മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/21.02.2025) വസ്തുനികുതി കളക്ഷൻ 75% ശതമാനം ആയിരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അനധികൃത കെട്ടിടങ്ങൾ തുടങ്ങിയവയിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കാത്തതും 22.03.2023 ലെ സ.ഉ(കൈ)നം.77/2023/ ത.സ്വ.ഭ.വ. പ്രകാരം ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരങ്ങൾ

സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്ത് നികുതി പുനർനിർണയിക്കാത്തതും വസ്തുനികുതി കളക്ഷൻ കുറയാനിടയാക്കി. നികുതി-നികുതിയേതര വരുമാനങ്ങൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിനും കൃത്യമായി പിരിച്ചെടുക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 വസ്തു നികുതി പരിഷ്കരണം- ഫീൽഡ് പരിശോധന പൂർണ്ണമായി നടത്തിയിട്ടില്ല**

1) 01.04.2023 പ്രാബല്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ. (കൈ) നം.77/2023/LSGD തിയ്യതി.22.03.2023 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വരുന്ന മാറ്റം, കെട്ടിട ഉടമ പഞ്ചായത്തിൽ അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്നകാലം മുതൽ പ്രാബല്യത്തിൽ നികുതി പുന:നിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പ് പൂർത്തീകരിക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി വിവര ശേഖരണം നടത്തുന്നതിനായി ഖണ്ഡിക 12 ൽ പറയുന്ന പ്രകാരം 48 പേരെ കൗൺസിൽ തീരുമാന പ്രകാരം തെരെഞ്ഞെടുക്കുകയും എന്നാൽ അതിൽ 5 പേർ മാത്രം ജോലിക്ക് ഹാജരാകുകയും വിവര ശേഖരണം നടത്തി വരുന്നതായും ഫയൽ പരിശോധനയിൽ കാണുന്നു (ഫയൽ നം ആർ1-5155/23). കൂടാതെ 06.07.2024 തിയ്യതിയിലെ സ.ഉ.(സാധാ) നം. 1228/2024/ തസ്വഭവ പ്രകാരം K-smart സോഫ്റ്റ് വെയർ വഴിയുള്ള ഡാറ്റാ പ്യൂരിഫിക്കേഷൻ 2024 സെപ്റ്റംബർ 30 ന് പൂർത്തീകരിക്കേണ്ടതാണ്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ , നാളിതു വരെ പൂർത്തീകരിച്ച ഫീൽഡ് പരിശോധനയുടെ വിവരം, ഡാറ്റാ എൻട്രി നടത്തിയതിന്റെ വിവരം, ഡാറ്റാ പ്യൂരിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1,32,33, വാർഡുകളിലെ ഫീൽഡ് പരിശോധന പൂർണ്ണമായും 27, 28 വാർഡുകളിൽ ഭാഗികമായും പൂർത്തിയാക്കിയിട്ടുണ്ട്, എന്നാൽ സോഫ്റ്റ്‌വെയർ സജ്ജമല്ലാത്തതിനാൽ ഡാറ്റാ എൻട്രി നടത്തിയിട്ടില്ലെന്നും ആകെ 1074 കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തിയതിന് 10740 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മുഴുവൻ ഡിവിഷനുകളിലേയും വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതും കൂട്ടിച്ചേർക്കലുകൾ കണ്ടെത്തിയിട്ടുള്ള കെട്ടിടങ്ങളിൽ ആയത് പരിഗണിച്ച് നികുതി പരിഷ്കരണത്തോടെ കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**2) പരിഷ്കരിച്ച വസ്തു നികുതി നിരക്ക് പൂർണ്ണമായി പ്രാബല്യത്തിൽ വരുത്തിയിട്ടില്ല**

സ.ഉ (അച്ചടി) നം 26/2023 തസ്വഭവ തീയതി 5.04.23 ഉത്തരവ് പ്രകാരം സർക്കാർ 1.04.23 മുതൽ നഗരസഭകൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിർണയിച്ചിട്ടുണ്ട് . ആയതു പ്രകാരം 11.09.23 തീയതിയിലെ 2-ാം നം. നഗരസഭ കൗൺസിൽ തീരുമാന പ്രകാരം ഒരു ചതുരശ്ര മീറ്റർ വിസ്തീർണത്തിനു ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് 2023-24 സാമ്പത്തിക വർഷം നമ്പർ നൽകിയിട്ടുള്ള എല്ലാ പുതിയ കെട്ടിടങ്ങൾക്കും പരിഷ്കരിച്ച നിരക്കുകൾ പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 12/23 മുതലാണ് പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയത്.1.4.23 മുതൽ സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുത്താത്തതിനാൽ നിലവിലുണ്ടായിരുന്ന നിരക്കിൽ വസ്തുനികുതി ഈടാക്കുകയാണ് ഉണ്ടായതെന്നും സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുമ്പോൾ കെ-സ്മാർട്ടിൽ പുതുക്കിയ നിരക്കിലേക്ക് കെട്ടിടങ്ങളെ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ(കൈ)നം.77/2023 /ത.സ്വ.ഭ.വ തിയ്യതി 22.03.2023, സ.ഉ (അ) നം.26/2023/ത.സ്വ.ഭ.വ തിയ്യതി 5.04.23 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 2023-24 സാമ്പത്തിക വർഷത്തിൽ നമ്പർ നൽകിയ എല്ലാ പുതിയ കെട്ടിടങ്ങൾക്കും പരിഷ്കരിച്ച വസ്തുനികുതി നിരക്ക് പ്രകാരമുള്ള വസ്തുനികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.44/25.02.2025)

## 1-24 റവന്യൂ റിക്കവറി -തുടർനടപടി സ്വീകരിക്കേണ്ടതാണ്

1.10.2023 തിയതിയിലെ സാധാരണ യോഗത്തിലെ 12/1 നമ്പർ തീരുമാന പ്രകാരം നഗരസഭ മെയിൻ ഓഫീസ് പരിധിയിലെ വാർഡുകളിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടും നികുതി ഒടുക്കാത്തതും കാലഹരണപ്പെടാൻ സാദ്ധ്യതയുള്ളതുമായ വസ്തുനികുതി കുടിശ്ശിക വരുത്തിയ നികുതിദായകർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കുടിശ്ശികക്കാരുടെ ലിസ്റ്റ് കൗൺസിലിൽ സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ (ഫയൽ നം. R1- 14710/23) ഫയൽ പരിശോധിച്ചതിൽ, 04.02.2025 ലെ ഓഫീസ് കുറിപ്പ് പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ലിസ്റ്റ് പ്രകാരം കുടിശ്ശക ഡിമാന്റ് താഴെ കൊടുക്കുന്നു

| വാർഡ് | തുക |
|---|---|
| 1 | 47219 |
| 2 | 71381 |
| 3 | 76094 |
| 4 | 1604144 |
| 5 | 4472604 |
| 6 | 12429 |
| 7 | 122833 |
| 8 | 87252 |
| 9 | 13099 |
| 10 | 735670 |
| 11 | 90178 |
| 12 | 126924 |
| 13 | 655782 |
| 14 | 152200 |
| 15 | 52123 |
| 16 | 126428 |
| 17 | 260468 |
| 18 | 802806 |
| 41 | 749232 |
| 42 | 130027 |
| 43 | 32358 |
| 44 | 135074 |
| ആകെ | 10556325 |

മേൽ കുടിശ്ശികക്ക് റവന്യൂ റിക്കവറി നടത്തിയോ എന്നും, സോണൽ ഓഫീസിലെ റവന്യൂ റിക്കവറി വിവരങ്ങൾ അറിയിക്കുന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.67/28.02.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന്, യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്. ആയതിനാൽ മേൽ കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതുമാണ്.

## 1-25 വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭ്യമായ തുകകൾ തിരിച്ചടച്ചിട്ടില്ല

1) ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 13.12.2023ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ, ഇരിങ്ങാലക്കുടയിൽ നിന്നും ചെക്ക് നമ്പർ - 082680 (തീയതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം 51,72,646 രൂപ ലഭിച്ചിട്ടുണ്ട്. ഫയൽ നമ്പർ - P4 19745/2021 പരിശോധിച്ചതിൽ നമ്പർ 373/22 ആയി പൈപ്പ് ലൈൻ എക്സ്റ്റൻഷന് വാട്ടർ അതോറിറ്റിക്ക് കൈമാറിയ 95,00, 000 രൂപയിൽ ( നഗര സഞ്ചയ വിഹിതം ) 43,27,354 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ബാലൻസ് തുകയാണ് മേൽ പ്രകാരം തിരികെ ലഭ്യമായിരിക്കുന്നത്.

2) ചെക്ക് നമ്പർ - 082653/26.04.2023 പ്രകാരം 5,03,437 രൂപ വാട്ടർ അതോറിറ്റി തിരികെ നൽകിയത് 10.05.2023 ലെ 123010500044/03.06.2023 രസീത് പ്രകാരം വരവ് വച്ചിട്ടുണ്ട്. PW3/PW1/ 13063/17 എന്ന ഫയൽ നമ്പർ ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധനക്ക് ഹാജരാക്കിയെങ്കിലും ഫയലിൽ തുക വരവ് വന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല.

മേൽ തുകകൾ തിരികെ അടവാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ- 22/21.02.2025) മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 IHSDP ഫണ്ട് തിരികെ അടവാക്കാനുള്ളത് 33,14,397 രൂപ

**ഫയൽ നമ്പർ- എ 2- 6690/09**

വാർഷികകണക്ക് പരിശോധനയിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 17 പ്രകാരവും റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട് ആർ പി 40(b) പ്രകാരവും IHSDP ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ 3314397 രൂപ നീക്കിയിരിപ്പ് ഉണ്ട്. IHSDP യുടെ ഫയൽ പരിശോധിച്ചതിൽ IHSDP പ്രൊജക്ട് 2017ൽ അവസാനിച്ചിട്ടുണ്ട്. തുടർന്ന് കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ കുടുംബശ്രീ മിഷനിലേക്ക് തിരികെ അടവാക്കിയിട്ടുണ്ട്. നഗരസഭ സെക്രട്ടറി A2-6690/09 /27.08.2020 നമ്പറായി നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് അയച്ച കത്തിൽ IHSDP അക്കൗണ്ടിലെ ബാലൻസ് തുക നഗരസഭയുടെ തനത് ഫണ്ടിൽ ലയിപ്പിക്കുന്നതിന് അനുവാദം നൽകണമെന്ന് അപേക്ഷിച്ചതിന് മറുപടി ലഭ്യമായിട്ടില്ല. നഗരസഭ വിഹിതമായി പ്ലാൻ ഫണ്ടിൽ നിന്ന് നൽകിയ തുകയും ആയതിന്റെ പലിശയും ഉൾപ്പെട്ട തുകയാണ് അക്കൗണ്ടിൽ ബാലൻസ് ആയി അവശേഷിക്കുന്നത്. ഫണ്ട് സൂക്ഷിച്ചിരിക്കുന്ന ഇന്ത്യൻ ബാങ്കിന്റെ അക്കൗണ്ടിലെ 31.03.2024 ലെ ബാലൻസ് 3314397 രൂപ ആണ്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 21/21.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ തുക സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകൾ ചെലവഴിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4, ബി 17 എന്നിവ പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റ് തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഹെഡ്കോഡ് | പ്രത്യേ ഉദ്ദേശ്യ ഗ്രാന്റ് | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 320200202 | അനിമൽ ഹസ്ബന്ററി | 500000.00 |
| 320200209 | വിദ്യാഭ്യാസം | 1810000.00 |

| | | |
|---|---|---|
| 450410500 | ശുചിത്വ മിഷൻ | 5292563.00 |
| 450420200 | ശുചിത്വ മിഷൻ | 794166.00 |

ബാലൻസ് തുകകൾ ചെലവഴിക്കാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-28 Redemption തുക തിരികെ ലഭ്യമാകാനുള്ളത്- 71,76,476 രൂപ

2023-24 ലെ വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 പരിശോധിച്ചതിൽ 431600100 എന്ന ഹെഡ്ഡിൽ 2,00,82,019 രൂപ Redemption ആയി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലെഡ്ജർ പരിശോധിച്ചതിൽ ഓപ്പണിങ്ങ് ബാലൻസ് ആയി രേഖപ്പെടുത്തി യിരിക്കുന്ന 2,12,53,343 രൂപയിൽ 71,76,476 രൂപ കൂടി സർക്കാരിൽ നിന്ന് ലഭിക്കാനുണ്ട് . വിശദാംശം താഴെ ചേർക്കുന്നു.

| തീയതി | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| 31.03.2021 | TPA -223 PF A/C | 2554127.00 |
| 31.03.2021 | TPA -219 Contigent Pension A/c | 3267710.00 |
| 31.03.2022 | JVTSB | 1308639.00 |
| 21.03.2022 | STSB (OWN FUND) | 46000. 00 |
| ആകെ | | 7176476.00 |

സർക്കാരുമായി ബന്ധപ്പെട്ട് തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

1) പ്രോജക്ട് നം : 464/2024

പ്രോജക്ടിന്റെ പേര് : കോക്ലിയർ ഇംപ്ലാന്റേഷൻ - മെയിന്റനൻസിന് ധനസഹായം

അടങ്കൽ തുക : 350000 രൂപ (വികസനഫണ്ട് ജനറൽ)

ചെലവ് തുക : 300000 രൂപ (വികസനഫണ്ട് ജനറൽ)

വൗച്ചർ നം./ തീയതി : 22302286/14.3.2024

കോക്ലിയർ ഇംപ്ലാന്റേഷൻ - മെയിന്റനൻസിന് ധനസഹായം എന്ന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 50,000 രൂപ നിരക്കിൽ ആറ് ഗുണഭോക്താക്കൾക്കായി 300000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1. അതുൽകൃഷ്ണ എം.എഫ്

2. അൽഡ്രീന കെ.എ

3. നൈക എം . എസ്

4. അലീന സോണി

5. റിഥിക്ക് എൻ.എസ്

6. നിയ കെ. ആർ

കൈമാറിയ തുകയുടെ വിനിയോഗവിവരം/വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം

ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (നം.36/27.2.2025). സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-30 വയോജനങ്ങൾക്ക് കട്ടിൽ - വിതരണം പൂർത്തിയായില്ല

നിർവഹണോദ്യോഗസ്ഥ : ഐ. സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ട് നം : 8/2024

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ വിതരണം ജനറൽ

അടങ്കൽ തുക : 495000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് തുക : 495000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നം./ തുക : 22302571/27.3.2024 – 330000 രൂപ

: 22302577/27.3.2024 – 165000 രൂപ

| ഇൻവോയ്സ് നം/തീയതി | തുക | എണ്ണം |
|---|---|---|
| B00048/2324 /29.2.2024 | 165000 | 50 |
| B00050/2324 /1.3.2024 | 165000 | 50 |
| B00049/2324 /1.3.2024 | 165000 | 50 |
| ആകെ | | 150 |

മേൽ പദ്ധതിയിൽ ദേവി സ്റ്റീൽ ഫർണീച്ചർ, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും പട്ടികയിൽ സൂചിപ്പിച്ച ഇൻവോയ്സുകൾ പ്രകാരം 150 കട്ടിൽ വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 81 കട്ടിലുകൾ വിതരണം ചെയ്തതിട്ടുള്ളൂ. 69 കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല.

3) പ്രോജക്ട് നം : 287/2024

പ്രോജക്ടിന്റെ പേര്: വയോജനങ്ങൾക്ക് കട്ടിൽ വിതരണം ജനറൽ (സ്പിൽ ഓവർ)

അടങ്കൽ തുക : 495000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് തുക : 495000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നം./തുക : 22300754/11.8.2023 -189610 രൂപ

: 22300953/5.9.2023 – 212250 രൂപ

: 22301639/1.12.2023 – 93140 രൂപ

| ഇൻവോയ്സ് നം/തീയതി | തുക | എണ്ണം |
|---|---|---|
| 40/26.6.2023 | 104710 | 37 |
| 42/28.6.2023 | 84900 | 30 |
| 47/21.7.2023 | 212250 | 75 |
| 50/21.7.2023 | 93390 | 33 |
| ആകെ | | 175 |

കീർത്തി ഫർണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും മേൽ ഇൻവോയ്സുകൾ പ്രകാരം 175 കട്ടിൽ വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 173 കട്ടിലുകൾ വിതരണം ചെയ്തിട്ടുള്ളൂ. 2 കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല. ഭരണസമിതി തീരുമാനം ലഭ്യമാകുന്നമുറയ്ക്ക് കട്ടിലുകൾ വിതരണം നടത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.36/27.2.2025) മറുപടി ലഭ്യമായിട്ടുണ്ട്. കട്ടിലുകൾ വിതരണം നടത്തി വിവരം അറിയിക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-31 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 26/24 |

| | |
|---|---|
| അടങ്കൽ /ചെലവ് | 35,00,000/ 29,50,797 |
| പ്രൊജക്ടിന്റെ പേര് | ആശുപത്രിയിലേക്ക് മരുന്നവാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>ജനറൽ ആശുപത്രി കൊടുങ്ങല്ലൂർ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് |

മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് 29,50,797 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആയതിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 15.02.2024 തീയതിലെ വൗച്ചർ നം.22302235 പ്രകാരം (പ്രൊഫോർമ ഇൻവോയിസ് PRF-3806 /6.2.2024) 10,45,301.00 രൂപ കൈമാറിയിട്ടുണ്ട്. മരുന്ന് ലഭ്യമായതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.62 തീയതി 28.02.2025) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-32 മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂർ -ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. 5,80,000 രൂപ തടസ്സപ്പെടുത്തുന്നു

ഫയൽ - PH1/9181/16

വൗച്ചർ നം. 22300273/31.05.23 -4,40,000
വൗച്ചർ നം. 22300274/31.05.23- 4,40,000

കൊടുങ്ങല്ലൂർ നഗരസഭയിലെ 44 വാർഡുകളിൽ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വാർഡ് ഒന്നിന് 20,000 രൂപ വീതം ആകെ 88,0000 രൂപ വീതം സെക്രട്ടറി, വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ 15 (19, 20, 22, 25, 26, 27, 28, 33, 34, 35, 36, 37, 38, 39, 40) വാർഡുകളിലെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമായത്. 29 വാർഡുകളിലെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മേൽ വാർഡുകൾക്ക് അനുവദിച്ച തുക 5,80,000 രൂപ ചെലവ് രേഖകൾ ഹാജരാക്കുംവരെ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 63 തീയതി 28.02.2025)

## 1-33 മെൻസ്ട്രുവൽ കപ്പ് വിതരണം നടത്തി വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 294/24 |
| അടങ്കൽ /ചെലവ് | 20,00,000/<br>16,01,917 |
| പ്രൊജക്ടിന്റെ പേര് | 22-23 മെൻസ്ട്രുവൽ കപ്പ് വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി കൊടുങ്ങല്ലൂർ |
| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ |
| വൗച്ചർ നം./തീയതി/തുക | 22300662/27.7.23 – 15,99,917 |

മെൻസ്ട്രുവൽ കപ്പ് വിതരണം എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി HLL ലൈഫ് കെയർ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 5333 എണ്ണം മെൻസ്ട്രുവൽ കപ്പ് വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം. /തീയതി | സ്പെസിഫിക്കേഷൻ | എണ്ണം |
|---|---|---|---|
| 1 | 9423046580/24.3.23 | LSR (M) | 3000 |
| 2 | 9423046641/24.3.23 | LSR (S) | 2000 |
| | | LSR (L) | 333 |

| | | |
|---|---|---|
| | ആകെ | 5333 |

വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. 28.02.2025 ലെ 62-ാം നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഗുണഭോക്തൃ ലിസ്റ്റ്, സ്റ്റോക്ക് വിവരം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. 5333 മെൻസ്ട്രുവൽ കപ്പ് വാങ്ങിയത് വിതരണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

**1-34 എൻ സി ഡി യിലേക്ക് മരുന്നുവാങ്ങൽ പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.88,000 രൂപ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 24/24 |
| അടങ്കൽ /ചെലവ് | 2,00,000/1,98,000 |
| പ്രൊജക്ടിന്റെ പേര് | 2023-24 എൻ സി ഡി യിലേക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി കൊടുങ്ങല്ലൂർ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് |
| വൗച്ചർ നം./തീയതി/തുക | 22301994/01.01.24- 90000<br>22302119/25.01.24- 99000<br>22302207/12.02.24-9000 |

പദ്ധതിയുടെ ആകെ ചെലവ് 1,98,000 ആണ്. ആയതിൽ 1,10,000 രൂപയുടെ ജൻഔഷധിയുടെ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 88,000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.62 തീയതി 28.02.2025) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 88000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-35 മെഡിക്കൽ ഓഫീസർ -ജനറൽ ആശുപത്രി - നടപ്പാക്കിയ വിവിധ പദ്ധതികൾ- സ്റ്റോക്ക് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല**

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ /ചെലവ്/ ഫണ്ടിനം | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്ത ബിൽ തുക /തീയതി |
|---|---|---|---|
| 1 | 205/24 – കീമോ തെറാപ്പി ലാബ് റിഫ്രെഷ്മെന്റ് | 3,00,000/2,99,986<br>CFC | 2,99,986/20.5.23 |
| 2 | 206/24 – 2022-23 താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 4,49,762/4,49,762<br>മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 1,64,787/8.6.23<br>2,84,975/ 8.6.23 |
| 3 | 28/24 – 2023-24 താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 15,46,550/5,15,101<br>മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 46,590/14.11.23<br>31700 രൂപ HMC യിലേക്ക് റീക്രൂപ്പ് ചെയ്തിട്ടുണ്ട്. ആയതിന്റെ ബിൽ ഹാജരാക്കിയിരുന്നു. ഇനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 4 | 26/24 – 2023-24 താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 35,00,000/29,50,797<br>മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 1,79,245/05.09.23<br>1,51,531/ 31.07.23 |

സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 28.02.2025ലെ 62-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ സ്റ്റോക്ക് വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-36 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ - രേഖകൾ ഇല്ല.580479 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ- 7/24
നിർവഹണ ഉദ്യോഗസ്ഥ- സെക്രട്ടറി

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ
അടങ്കൽ & ഫണ്ട്- 1000000/- വികസന ഫണ്ട് ജനറൽ

ചെലവ് – 580479
വൗച്ചർ നം. 22302305/22.03.2024 – 83,859/-
വൗച്ചർ നം. 22302306/22.03.2024 – 88,905/-
വൗച്ചർ നം. 22302309/22.03.2024 – 82,242/-
വൗച്ചർ നം. 22302307/22.03.2024 – 79,242/-
വൗച്ചർ നം. 22302325/23.03.2024 – 90,780/-
വൗച്ചർ നം. 22302308/22.03.2024 –74,976/-
വൗച്ചർ നം. 22302311/22.03.2024 – 80,475/-

മേൽ പ്രൊജക്ടിൽ നിന്ന് 580479 രൂപ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ക്ഷീരസംഘങ്ങളിൽ പാൽ അളന്നതിന്റെ സ്റ്റേറ്റ്മെന്റ് ക്ഷീരസംഘം സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയത് ഫയലിൽ ഇല്ല. ഗുണഭോക്താക്കൾക്ക് തുക വിതരണം നടത്തിയതിന്റെ രേഖ മാത്രമേ ഫയലിൽ ഉള്ളൂ. എപ്രകാരമാണ് ഓരോ ഗുണഭോക്താവിനും നൽകേണ്ട തുക കണക്കാക്കിയതെന്ന വിവരം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-60/ 27.02.2025) മറുപടി/രേഖകൾ ഹാജരാക്കിയില്ല. തുക കൈമാറിയതിന്റെ ആധികാരികത തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 5,80,479 രൂപ തടസ്സപ്പെടുത്തുന്നു.

### 1-37 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഇല്ല

പ്രൊജക്ട് നമ്പർ- 2/24
നിർവഹണ ഉദ്യോഗസ്ഥ- സെക്രട്ടറി
ഫണ്ട്- വികസന ഫണ്ട് ജനറൽ

പ്രൊജക്ടിന്റെ പേര്- ഐ കെ എം വിഹിതം നൽകൽ
അടങ്കൽ -350000/-

ചെലവ് -305243
വൗച്ചർ നം. 22302241/08.11.2023

ഐ.കെ.എം. വിഹിതം നൽകൽ പ്രൊജക്ട് പ്രകാരം 305243 രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം പേരിൽ നൽകിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-60/27.02.2025)

### 1-38 വാതിൽപ്പടി സേവനം- തുടർ പ്രവർത്തനങ്ങൾ നടത്തുന്നില്ല.22932 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ - 203 /24
നിർവഹണ ഉദ്യോഗസ്ഥ - സെക്രട്ടറി

പ്രോജക്ടിന്റെ പേര് - വാതിൽപ്പടി സേവനം
അടങ്കൽ & ഫണ്ട്- 27152/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് -22932

വൗച്ചർ നമ്പർ-22300638/7.7.2023-7377

വൗച്ചർ നമ്പർ-22300323/20.06.2023-15555

മേൽ ചെലവിന്റെ ബിൽ, ചെലവു രേഖകൾ ഫയലിൽ ഇല്ല. എച്ച് ഡി എഫ് സി ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചതായി ഫയലിലെ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ-50100527409775). രസീത് ബുക്ക്, രജിസ്റ്ററുകൾ എന്നിവ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്നതിന് കത്ത് ഒപ്പു വക്കുന്നതായി ഫയലിലെ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കത്ത് ഫയലിൽ ഇല്ല. മേൽ സാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിൽ അവ പരിശോധനക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (ഓഡിറ്റ് എൻക്വയറി നമ്പർ- 60/27.02.2025) രജിസ്റ്ററുകളും 2 രസീത് പുസ്തകങ്ങളും, സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കി. സംഭാവന പിരിക്കുന്നതിനായി വാങ്ങിയ 2 രസീതുകൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. 2022-23 ൽ വാതിൽപ്പടി സേവനം പ്രൊജക്റ്റിന്റെ (259/23) ഭാഗമായി 1,72,848 രൂപ ചെലവഴിച്ച് വാങ്ങിയ 3 ലാപ് ടോപ്പുകൾ, മസ്റ്ററിങ്ങ് ഉപകരണങ്ങൾ എന്നിവയും നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല. 2024-25 ലെ സുലേഖ ചെലവു പത്രിക പരിശോധിച്ചതിൽ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ല.
വാതിൽപ്പടി സേവനത്തിന്റെ തുടർ പ്രവർത്തനങ്ങൾ സ.ഉ (സാധാ) 1066/21/തസ്വഭവ തീയതി 31.05.2021 ലെ വാതിൽപ്പടി സേവന മാർഗ്ഗരേഖ ഉത്തരവിന് അനുസൃതമായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി നമ്പർ- 60/27.02.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ (കൈ) നം.86/2022/ തസ്വഭവ. തീയതി: 19.04.2022 ഖണ്ഡിക 2.3.2019 പ്രകാരം തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായും വ്യാപകമായും ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിനനുസൃതമായി പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 22,932 രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് ഫർണീച്ചർ വാങ്ങൽ - പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ നേരിട്ട് വാങ്ങി

പ്രൊജക്റ്റ് നമ്പർ- 469 /24
നിർവഹണ ഉദ്യോഗസ്ഥ- സെക്രട്ടറി
ഫണ്ട്- ഹെൽത്ത് ഗ്രാന്റ്

അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് ഫർണീച്ചർ വാങ്ങൽ

ചെലവ് -524256
വൗച്ചർ നമ്പർ-22302572/27.03.2024

ARTCO പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ- PKD-237 & 238/27.02.2024 പ്രകാരമാണ് ഫർണീച്ചർ വാങ്ങിയതിന് തുക അനുവദിച്ചിരിക്കുന്നത്. വാങ്ങിയ ഫർണ്ണീച്ചറുകൾ ARTCO-യിൽ നിന്നും ടെണ്ടർ ഇളവ് കൂടാതെ വാങ്ങാവുന്നതാണെങ്കിൽ ആയത് ടെണ്ടർ ഇളവ് അനുവദിച്ച ഉത്തരവിന്റെ അനുബന്ധമായ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതായിരിക്കണം. 2023-ൽ ടെണ്ടർ ഇളവോടു കൂടി വാങ്ങുന്നതിന് ARTCO ക്ക് അനുമതി നൽകിയ ഉത്തരവായ സ.ഉ(സാധാ) 21/23/SPD /24.02.2023 ഉത്തരവിന്റെ പ്രൈസ് ലിസ്റ്റിൽ വാങ്ങിയ സാധനങ്ങൾ ഉൾപ്പെട്ടു കാണുന്നില്ല.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം |
|---|---|
| 1. | 7102 – Modular Medicine Rack Of Size 180 Cm X 90 Cm X 30 Cm With 12<br>Fixed Shelves And 11 Compartment Model With Plastic Trays |
| 2. | GR09- Steel Almirah With 4 Fixed Shelves 78x36x19”-20G |
| 3. | GR10- Dispensing Chair Pharmacy |
| 4. | GR11-Patients Stool |

| | |
|---|---|
| 5. | GR12- Pharmacy Dispensing Table |
| 6. | GR13- Hospital Cot -Iron Cot With Rexin Mattress And Pillow |
| 7. | GR14- Dressing Table With Mattress |
| 8. | GR2-Steel Rack 78x36x15-6 Panel – 20G |
| 9. | GR3- Air Port Chair 3 Seater |
| 10. | GR5- Plastic Armed Chair - Nilkamal |

ഇൻവോയ്സുകളിലെ ക്രമനമ്പർ 10, 12, 13, 14 എന്നീ ഇനങ്ങൾ മാത്രമാണ് പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടു കാണുന്നത്. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ ഓപ്പൺ ടെണ്ടർ നടപടിക്രമത്തിലൂടെ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-40 കൂട് മത്സ്യകൃഷി - പദ്ധതി അപാകങ്ങൾ

പ്രോജക്റ്റ് നം. - 25/24 സ്പിൽ ഓവർ

പ്രോജക്റ്റിന്റെ പേര് - കൂടിലെ മത്സ്യകൃഷി

അടങ്കൽ തുക - 900,000 (540000 ഗുണഭോക്തൃ വിഹിതം 360000-വികസന ഫണ്ട് ജനറൽ)

ചെലവ് തുക - 3,60,000 വികസന ഫണ്ട് ജനറൽ

വൗച്ചർ നമ്പർ- 22302273/20.02.2024-120000
വൗച്ചർ നമ്പർ- 22302230/05.03.2024-36005

വൗച്ചർ നമ്പർ-22302254/06.01.24-120000
വൗച്ചർ നമ്പർ-22302231/05.03.2024-83995

ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുകയും ഗുണനിലവാരമുള്ള മത്സ്യം വിതരണം ചെയ്യുകയും എന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തികവർഷം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ കൂടിലെ മത്സ്യകൃഷി എന്ന പദ്ധതിക്കായി ഭരണസമിതി അംഗീകരിച്ച ഗുണഭോക്ത ലിസ്റ്റ് പ്രകാരമുള്ള ശ്രീ. മജീദ് ഇ.എസ്, ശ്രീ. ഫ്രാങ്ക്ളിൻ കെ.ജെ, ശ്രീമതി. ജിസ്മി സ്റ്റീഫൻ എന്നിവർക്ക് തൻവർഷം സബ്സിഡി അനുവദിച്ചു നൽകിയിട്ടുണ്ട്. സ.ഉ (കൈ) നം. 115/2022/തസ്വഭവ. തിയ്യതി 28.05.2022 സബ്സിഡി മാർഗരേഖ, സ.ഉ (സാധാ) നം.449/2023/തസ്വഭവ തിയ്യതി 21.02.2023 സബ്സിഡി മാർഗരേഖ ഭേദഗതി എന്നിവ പ്രകാരം 6*4*1.25 മീറ്റർ വലിപ്പമുള്ള രണ്ട് കൂടുകളുള്ള ഒരു യൂണിറ്റിന് 3,00,000 രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി ജനറൽ വിഭാഗത്തിന് 40% സബ്സിഡിയായ 1,20,000 രൂപയാണ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ചതിൽ നിന്നും 2023 ഒക്ടോബർ നവംബർ മാസങ്ങളിലായി കൃഷിക്കായി കൂടും മത്സ്യക്കുഞ്ഞുങ്ങളെയും ജലാശയങ്ങളിൽ ഇറക്കുകയും കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാർഗരേഖ പ്രകാരം ഗുണഭോക്താക്കൾ കേരള ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് പ്രകാരം അനുമതി വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപേക്ഷ സമയത്ത് മേൽ അനുമതി ലഭ്യമല്ലാതിരുന്ന സാഹചര്യം ആയത്കൊണ്ടുതന്നെ കൃഷി ഇറക്കിയശേഷം മേൽ ഗുണഭോക്താക്കൾ ലൈസൻസിനോ രജിസ്ട്രേഷനോ വേണ്ടി 2023-24 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിൽ അപേക്ഷിക്കേണ്ടതായിരുന്നുവെങ്കിലും ആയതിനായി അപേക്ഷിച്ചിട്ടില്ലായിരുന്നു. മേൽ ഗുണഭോക്താ ക്കളുടെ ലൈസൻസ് രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. മജീദ് ഇ എസ് - 10.08.24 ന് ലൈസൻസിനായി അപേക്ഷിച്ചു. ; 29.11.2023 ന് രജിസ്ട്രേഷനായി അപേക്ഷിച്ചു.
2. ശ്രീ ഫ്രാങ്ക്ളിൻ കെ.ജെ - 15.08.24 ന് ലൈസൻസിനായി അപേക്ഷിച്ചു. ; 15.08.24 ന് രജിസ്ട്രേഷനായി അപേക്ഷിച്ചു.
3. ശ്രീമതി. ജിസ്മി സ്റ്റീഫൻ - 24.10.2024 ലെ TCR/AL/141/2024 നം പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ; 24.10.2024 ലെ TCR/AR/74/2024 നം പ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്.

മേൽ ഗുണഭോക്താക്കൾ 2024-25 വർഷം മാത്രമാണ് ലൈസൻസിനായും രജിസ്ട്രേഷനായും അപേക്ഷിച്ചിട്ടുള്ളത്.

ആയതിൽ ക്രമ നമ്പർ 3 പ്രാകാരമുള്ള ശ്രീമതി ജിസ്മിക്ക് മാത്രമാണ് പ്രസ്തുത അനുമതി ലഭിച്ചിട്ടുള്ളത്. മറ്റ് രണ്ട് പേർക്കും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിലാണ് 2024 മാർച്ചിൽ തന്നെ മൂന്നുപേർക്കും സബ്സിഡി തുക കൈമാറിയിട്ടുള്ളത്. കേരള ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് പ്രകാരം അനുമതി ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗരേഖ പ്രകാരമുള്ള സബ്സിഡി തുകയായ 1,20,000 രൂപ വീതം കൈമാറിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ സബ്സിഡി അനുവദിച്ച മീൻതോട്ടങ്ങളിൽ കൃഷി ആരംഭിച്ചതിന്റെ വിവരങ്ങളോ നിർവ്വഹണ പുരോഗതി വിലയിരുത്തിയ വിവരങ്ങളോ പദ്ധതി ഫലപ്രാപ്തിയിൽ എത്തിയതിന്റെ വിവരങ്ങളോ മോണിട്ടറിംഗ് റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-41 ബാങ്ക് പാസ്സ് ബുക്ക് ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം-197/24 സ്പിൽ ഓവർ

പേര് – വനിതസംരംഭകരുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം

അടങ്കൽ തുക- 3,00,000/-

ചെലവ് തുക – 2,70,000

നിർവ്വഹണോദ്യോഗസ്ഥൻ - ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, കൊടുങ്ങല്ലൂർ

ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ പ്രോജക്ട് നം. 197/24 വനിതസംരംഭകരുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായംപദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്തിരിക്കുന്നവർക്ക് തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര്/ സ്ഥാപനത്തിന്റെ പേര് | ബിൽ റഫറൻസ് നം./തിയതി | തുക |
|---|---|---|---|
| 1 | ജിൽഷ/ ഹസ്ന ടൈലറിങ്ങ് | 2323034003000287760 / 07.07.2023 | 90000 |
| 2 | ഖൈറുന്നിസ /ഫെസ്റ്റ ഫുഡ്സ് | 2323034003000287760 / 07.07.2023 | 90000 |
| 3 | കൊച്ചുറാണി/റാണീസ് ഫുഡ്സ് | 2323034003000287760 / 07.07.2023 | 90000 |
| | ആകെ | | 270000 |

ക്രമ നം. 1, 2 എന്നിവർക്ക് ലഭിച്ച തുകയുടെ ബാങ്ക് പാസ്സ് ബുക്ക് കോപ്പിഫയലിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ക്രമ നം.3 ന് ലഭിച്ച തുകയായ 90000 രൂപയുടെ ബാങ്ക് പാസ്സ് ബുക്ക് കോപ്പിഫയലിൽ ഹാജരാക്കിയിട്ടില്ല. ടി ബാങ്ക് പാസ്സ് ബുക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നുണ്ടോ എന്നിവക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 65/28.02.25) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-42 ബൊക്കാഷി ബക്കറ്റ് - ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

2023-24 വർഷം പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബൊക്കാഷി ബക്കറ്റ് വിതരണം എന്ന പ്രൊജക്ടിന്റെ (നം.119/24) ഫയലുകൾ (നം. PH5-7749/23) രജിസ്റ്ററുകൾ പരിശോധിച്ചതിൽ 38 ഗുണഭോക്താക്കൾക്കായി ഒരു ബൊക്കാഷി ബക്കറ്റിന് 2,840 രൂപ നിരക്കിൽ 1,07,920 രൂപ SBM ഫണ്ട് ഗ്ലോബൽ ഫാർമസ്യൂട്ടിക്കലിന് നൽകിയിട്ടുണ്ട്. (ടാക്സ് ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല). യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്ന തുക 10 % ഗുണഭോക്തൃ വിഹിതം കിഴിച്ച് (284) 2556x38= 97128 രൂപ ആയിരുന്നു. ഫയൽ പരിശോധിച്ചതിൽ 38 ഗുണഭോക്താക്കളിൽ നിന്നും 284 രൂപ വീതം 10,792 രൂപ പിരിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക SBM ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. ആയത്

ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.41/25.02.2025) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-43 ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം അധികം തുക നൽകിയതായി കാണുന്നു**

2023-24 വർഷം പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയുടെ ഡി.പി.ആർ. (7) രജിസ്റ്ററുകൾ, ഫയൽ, ബാങ്ക് അക്കൗണ്ട് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അധികരിച്ച് തുക നൽകിയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | ആകെ നൽകേണ്ട തുക | നൽകിയ തുക | തിയതി |
|---|---|---|---|
| വാസു സി.കെ,<br>ചെന്നാറ വീട്, കടുക്കച്ചുവട് | 400000 | 40000<br>80000<br>80000<br>80000<br>80000<br>40000<br>400000 | 02.07.2022<br>30.05.2023<br>20.07.2023<br>07.08.2023<br>09.10.2023<br>29.01.2024 |
| കുറുമ്പ, ചളിങ്ങാട്ട് | 400000 | 40000<br>80000<br>80000<br>80000<br>280000<br>====== | 03.03.2023<br>20.07.2023<br>19.08.2023<br>11.10.2023 |

PMAY യുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചത് പ്രകാരം (HDFC Bank- അക്കൗണ്ട് നം.50100266833269) 26.07.2023ൽ മുകളിൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് 80000 രൂപ വീതം രണ്ട് തവണ ഇതേ തീയതിയിൽ നൽകിയതായി കാണുന്നു. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.71/28.02.2025) ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ തെറ്റായി 'Double Entry' ആയി വന്നതാണെന്നാണ് അറിയിച്ചത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ കുറവ് ചെയ്താണ് നീക്കിയിരിപ്പ് വന്നിട്ടുള്ളത്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-44 ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ഉള്ള അലോട്മെന്റ് തുക വാർഷിക കണക്കിൽ വരവ് വെക്കുകയോ ബാങ്കിൽ ക്രെഡിറ്റ് ആവുകയോ ചെയ്തിട്ടില്ല**

ജി ഒ (ആർ.ടി) 2461/24/FIN/15.03.2024 പ്രകാരം നഗരസഭക്ക് സി.എഫ്.സി. ഗ്രാന്റിന്റെ പലിശ ഇനത്തിൽ ലഭിക്കേണ്ടതായ തുകകൾ അൺടൈഡ് 27637 ഉം ടൈഡ് 41455 ഉം ആയിരുന്നു. ഈ തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ അലോട്ട്മെന്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സി.എഫ്. സി. ഫണ്ട് സൂക്ഷിക്കുന്ന എച്ച് ഡി എഫ് സി ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല.

**1-45 ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല**

പ്രോജക്ട് നമ്പർ- 13/24, സ്കൂളുകളിലേയ്ക്ക് ഫർണ്ണീച്ചർ വാങ്ങൽ

ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

പദ്ധതി അടങ്കൽ- 15,00,000

പദ്ധതി ചെലവ്- 15,00,000

വൗച്ചർ നമ്പർ- 22302284/12.03.2024 (തുക – 339262)

22302285/12.03.2024 (തുക – 339262

22302284/12.03.2024 (തുക – 339262)

22302338/25.03.2024 (തുക – 482214)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പാൾ (KKTMGHS)

സ്കൂളുകളിലേയ്ക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിനായി നടത്തിയ മേൽ പ്രൊജക്ടിൽ ARTCO യിൽ നിന്നും ഫർണ്ണീച്ചർ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ARTCO (GSTIN:32AAAAA2064P1ZW) യുടെ ബില്ലിൽ നിന്നും 1 % വീതം കേന്ദ്ര / സംസ്ഥാന ജി എസ് ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

കേന്ദ്ര /സംസ്ഥാന ജി എസ് ടി നിയമം 2017 വകുപ്പ് 51 പ്രകാരം ഒരു കരാറിന്റെ അടിസ്ഥാനത്തിലുള്ള നികുതി ബാധകമായ സപ്ലൈ 2,50,000 രൂപ അധികരിക്കുകയാണെങ്കിൽ ആ സ്ഥാപനത്തിൽ നിന്നും 1 % വീതം കേന്ദ്ര / സംസ്ഥാന ജി എസ് ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. ജി എസ് ടി നിയമം 2017 ന് അനുസരിച്ച് ജിഎസ് ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം- 14/21.02.2025)

## 1-46 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ

പ്രോജക്ട് നമ്പർ- 35/24, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ഫണ്ടിനം- വികസന ഫണ്ട് (എസ്.സി.പി)

പദ്ധതി അടങ്കൽ- 15,00,000

പദ്ധതി ചെലവ്- 15,00,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

മേൽ പ്രോജക്ടിൽ പതിനാലാം സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ. തിയതി. 28.05.2022 ഖണ്ഡിക 7.2.4 അനുസരിച്ചാണ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിൽ താഴെപ്പറയും പ്രകാരമാണ് വിദ്യാർത്ഥികളുടെ കോഴ്സ് വിവരം രേഖപ്പെടുത്തിയിട്ടുള്ളത്.

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | നൽകിയ തുക | വൗച്ചർ നമ്പർ |
|---|---|---|---|
| ആൽഡ്രിൻ ഇ.യു | ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് കോഴ്സ് | 20000 | 22301491/ 7.11.23 |
| സ്മിയ വി.എ | ഫ്രന്റ് ഓഫീസ് ഓപ്പറേഷൻ കോഴ്സ് | 20000 | 22301491/ 7.11.23 |

സബ്സിഡി മാർഗരേഖ പ്രകാരം ബിരുദ/പോളിടെക്നിക് ഡിപ്ലോമ വിദ്യാർത്ഥികൾക്കാണ് 20,000 രൂപയുടെ സ്കോളർഷിപ്പിന് അർഹതയുള്ളത്. പ്ലസ് 2 വിന് ശേഷമുള്ള മറ്റ് കോഴ്സുകൾക്ക് 15,000 രൂപയുടെ സ്കോളർഷിപ്പിനെ അർഹതയുള്ളൂ. മേൽ വിദ്യാർത്ഥികളുടെ കോഴ്സ് ബിരുദം/പോളിഡിപ്ലോമയിൽ വരുന്നുവെന്ന് ഉറപ്പാക്കിയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (നം.34/24.02.25) മറുപടി ലഭ്യമാക്കിയില്ല.ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-47 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ- 39/24, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം

ഫണ്ടിനം - വികസന ഫണ്ട് (എസ്.സി.പി)

പദ്ധതി അടങ്കൽ - 9,75,941

പദ്ധതി ചെലവ് - 4,12,939

വൗച്ചർ നമ്പർ - 22302274/29.02.24

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

1. മേൽ പ്രോജക്ടിൽ ഫർണീച്ചർ വാങ്ങുന്നതിനായി അക്രിഡറ്റഡ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ നടത്തി ARTCO യിൽ നിന്നും ഫർണീച്ചർ വാങ്ങി വിതരണം ചെയ്തിരിക്കുന്നു. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 6929603/2023/(SPD). തീയതി 02.02.2023 നമ്പർ സർക്കുലറിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ടെണ്ടർ ഇളവ് നൽകിയിട്ടില്ലാത്ത എല്ലാ ഉൽപ്പന്നങ്ങളും സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും സ്റ്റോർ പർച്ചേസ് മാനുവലിൽ നിഷ്കർഷിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾക്ക് വിധേയമായി മാത്രമായിരിക്കണം പൊതുസംഭരണം നടത്തേണ്ടത് എന്നും ഇപ്രകാരമല്ലാത്ത എല്ലാ പൊതു സംഭരണങ്ങളും ക്രമവിരുദ്ധമായി കണക്കാക്കുന്നതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ൽ ARTCOയ്ക്ക് ഇളവ് അനുവദിച്ച GO(Rt) No.20/2023/SPD. Dtd.24.02.23 ഉത്തരവിലെ ലിസ്റ്റിൽ പെടാത്ത സാധനങ്ങൾ മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ കൂടാതെ അക്രിഡറ്റഡ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ നടത്തി ARTCO യിൽ നിന്നും വാങ്ങുകയാണ് ഉണ്ടായിട്ടുള്ളത്. ഇപ്രകാരം ഇളവ് നൽകിയിട്ടില്ലാത്ത ഉല്പന്നങ്ങൾ വാങ്ങിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഉൽപ്പന്നം | എണ്ണം | തുക |
|---|---|---|
| STL CHR10- Steel Chair With Seat & Back Cushion & Without Arm | 89x850+GST | 89267 |
| STL TBL 20 -Study Table -Steel Table With One Draw & Cupboard With Novopan Top | 89x3082+GST | 323671 |

മേൽ ഉത്തരവ് പ്രകാരം ടെണ്ടർ ഇളവ് നൽകിയിട്ടുള്ള സാധനങ്ങൾ മാത്രമേ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളൂ എന്നതിനാൽ അപ്രകാരമല്ലാത്ത സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. കേന്ദ്ര /സംസ്ഥാന ജി എസ് ടി നിയമം 2017 വകുപ്പ് 51 പ്രകാരം ഒരു കരാറിന്റെ അടിസ്ഥാനത്തിലുള്ള നികുതി ബാധകമായ സപ്ലൈ 2,50,000 രൂപ അധികരിക്കുകയാണെങ്കിൽ ആ സ്ഥാപനത്തിൽ നിന്നും 1 % വീതം കേന്ദ്ര / സംസ്ഥാന ജി എസ് ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. ARTCO (GSTIN:32AAAAA2064P1ZW) യ്ക്ക് അനുവദിച്ച ബിൽ തുകയിൽ നിന്നും 1 % വീതം കേന്ദ്ര / സംസ്ഥാന ജി എസ് ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

ജി എസ് ടി നിയമം 2017 ന് അനുസരിച്ച് ജി എസ് ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. സ്കൂൾ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഫർണ്ണീച്ചർ നൽകിയിട്ടുള്ളത്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികൾ നഗരസഭയിലെ സ്ഥിരം താമസക്കാരാണെന്ന് ഉറപ്പാക്കുന്ന രേഖകൾ നിർവഹണ ഉദ്യോഗസ്ഥൻ ഫയലിൽ ഉറപ്പാക്കിയില്ല. രേഖകൾ ഉറപ്പാക്കി പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം- 32/24.02.2025).

**1-48 വീട് വാസയോഗ്യമാക്കുന്നതിന് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല**

1. പ്രോജക്ട് നമ്പർ- 33/24, വീട് വാസയോഗ്യമാക്കൽ

ഫണ്ടിനം - വികസനഫണ്ട് (എസ്.സി.പി)

പദ്ധതി അടങ്കൽ - 66,00,000

പദ്ധതി ചെലവ് - 46,50,000

വൗച്ചർ നമ്പർ - 22301768/2.12.23

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

വീട് വാസയോഗ്യമാക്കുന്നതിന് മേൽ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 1,50,000 രൂപ വീതമാണ്

വകയിരുത്തിയിട്ടുള്ളത്. വാർഡ് 21 ൽ താമസക്കാരിയായ ശ്രീമതി. കൃഷ്ണകുമാരി, ചെന്നാറ (H) എന്ന ഗുണഭോക്താവ് ആദ്യ ഗഡുവായ 75,000 രൂപ 12.02.2023 ന് കൈപ്പറ്റിയിട്ടുണ്ടെങ്കിലും പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

2. പ്രോജക്ട് നമ്പർ- 292/24 , 22-23 പട്ടിക ജാതി വിഭാഗക്കാരുടെ വീട് വാസയോഗ്യമാക്കൽ

ഫണ്ടിനം - വികസനഫണ്ട് (എസ്.സി.പി)

പദ്ധതി അടങ്കൽ- 36,00,000

പദ്ധതി ചെലവ്- 35,25,000

വീട് വാസയോഗ്യമാക്കുന്നതിന് ഒരു ഗുണഭോക്താവിന് 1,50,000 രൂപ വകയിരുത്തിയിരിക്കുന്ന മേൽ പ്രോജക്ടിൽ ആദ്യ ഗഡുവായി 75,000 രൂപ 16.03.2023 ന് കൈപ്പറ്റിയിരിക്കുന്ന ഹർഷൻ സി.ജി, ചക്കമ്പിൽ എന്ന ഗുണഭോക്താവ് രണ്ടാം ഗഡുവിനായി നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ല.

മേൽ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ച് പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം 33/24.02.2025)

**1-49 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കുവാനുള്ള തുക 6,84,09,431**

1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ ചട്ടം 7(2), 8 എന്നിവ പ്രകാരം റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ ഉൾപ്പെടുന്ന ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതാത് മാസം 15നു മുമ്പ് നഗരസഭ ഫണ്ടിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാരുടെ ആകെ വേതനത്തിന്റെ 15% തുക എല്ലാ മാസവും നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കി വരുന്നുണ്ട്. പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി രൂപീകരിച്ച കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ ഇതിനായി നഗരസഭ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചു വരുന്നു. 2023-24 വർഷം പെൻഷൻ വിതരണത്തിനായി 64,74,620 രൂപ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക തിരിച്ചടവാക്കുന്നുണ്ടെങ്കിലും ഈയിനത്തിൽ ഭീമമായ തുക നഗരസഭയ്ക്ക് ലഭ്യമാകാനുണ്ട്. 2006-07 മുതൽ 2023-24 സാമ്പത്തിക വർഷം വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | നഗരസഭക്ക് ലഭിക്കാനുള്ള ബാലൻസ് തുക |
|---|---|
| 2006-07 | 2001131 |
| 2007-08 | 361098 |
| 2008-09 | 483392 |
| 2009-10 | -129682 |
| 2010-11 | 1066859 |
| 2011-12 | 1273106 |
| 2012-13 | 1556274 |
| 2013-14 | 3362891 |
| 2014-15 | 4205067 |
| 2015-16 | 4460541 |
| 2016-17 | 8654556 |
| 2017-18 | 7224069 |
| 2018-19 | 3411599 |
| 2019-20 | 14751030 |

| | |
|---|---|
| 2020-21 | 3172018 |
| 2021-22 | 6520810 |
| 2022-23 | 4752338 |
| 2023-24 | 1282334 |
| ആകെ | 6,84,09,431 |

നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം- 9/20.02.2025)

## 1-50 പെൻഷൻ കോൺട്രിബ്യൂഷൻ അക്കൗണ്ടിലെ തുക പരിമിതമായതിനാൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ തനത് ഫണ്ടിൽ നിന്നും നൽകേണ്ടതായി വരുന്നു

കേരള മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ഡി.സി.ആർ.ബി. റൂൾസ് ചട്ടം 1,7(2), 1997ലെ G.O. (P) നം.97/LAD/3.05.97 എന്നിവ പ്രകാരം നഗരസഭ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് ശമ്പളത്തിന്റെ 15% തുക പെൻഷൻ ഫണ്ടിനു വേണ്ടി പ്രത്യേക ട്രഷറി അക്കൗണ്ട് തുടങ്ങി അതിൽ കൃത്യമായി നിക്ഷേപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയുടെ സ്പെഷൽ ട്രഷറി അക്കൗണ്ടിൽ (799011400007328) കണ്ടീജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം നിക്ഷേപിച്ച് വരുന്നു. എന്നാൽ പെൻഷൻ കോൺട്രിബ്യൂഷൻ അക്കൗണ്ടിലെ തുക അപര്യാപ്തമായതിനാൽ തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകിവരുന്നു.

2023-24 സാമ്പത്തിക വർഷം 25 കണ്ടീജന്റ് ജീവനക്കാരാണ് നഗരസഭയിൽ ഉണ്ടായിരുന്നത്. ആയതിൽ 14 ജീവനക്കാർ നാഷണൽ പെൻഷൻ സ്കീമിലാണ് ഉൾപ്പെടുന്നത്. ബാക്കിയുള്ള 11 പേരുടെ പെൻഷൻ കോൺട്രിബ്യൂഷൻ മേൽ അക്കൗണ്ടിലേയ്ക്ക് അടവാക്കിവരുന്നു.

2024 മാർച്ച് മാസത്തിലെ കണക്കുകൾ പ്രകാരം 5 ഫാമിലി പെൻഷൻകാർ ഉൾപ്പെടെ പെൻഷൻ പറ്റിയ ജീവനക്കാരുടെ എണ്ണം 25 ആണ്. 2023-24 സാമ്പത്തിക വർഷം ജീവനക്കാരുടെ പെൻഷൻ വിതരണം ചെയ്തിരിക്കുന്നത് തനത് ഫണ്ടിൽ നിന്നാണ്. പെൻഷൻ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 30.03.2024ലെ നീക്കിയിരിപ്പ് തുക 11,06,208 രൂപയാണ്. തനതുഫണ്ടിൽ നിന്നാണ് പെൻഷൻ നൽകുന്നതെന്നും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായിട്ടാണ് പെൻഷൻ അക്കൗണ്ടിലെ തുക സൂക്ഷിച്ചിരിക്കുന്നതെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് ( 9/20.02.2025) നൽകിയ മറുപടി.

പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ പ്രതിമാസം അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത് ഏകദേശം 69,000 രൂപ മാത്രമാണ് എന്നാൽ ഓരോ മാസവും കണ്ടീജന്റ് ജീവനക്കാരുടെ പെൻഷൻ തുകയായി 3,84,000 രൂപ നഗരസഭയ്ക്ക് ആവശ്യമായി വരുന്നു. ആയതിനാൽ തന്നെ ടി പെൻഷൻ ഫണ്ടിലെ തുക പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് അപര്യാപ്തമാണ്. റെഗുലർ ജീവനക്കാർക്ക് ലഭിക്കുന്നതുപോലെ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും കണ്ടീജന്റ് ജീവനക്കാർക്ക് ഗ്രാന്റ് അനുവദിച്ച് ലഭിക്കുന്നില്ല എന്നതിനാൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടതായി വരുന്നുണ്ട്. ടി വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-51 നഗരസഭയിലെ സർവ്വീസ് പെൻഷൻ വിതരണം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21-02-2025 ലെ നം. ഡി.കെ.എസ്.എ. 400/എം.എൽ. 3 /2025 നമ്പർ കത്ത് പ്രകാരം 2023-24 വർഷത്തെ റഗുലർ/കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിക്കാൻ നിർദ്ദേശിച്ചത് പ്രകാരം പരിശോധന നടത്തി വിവരങ്ങൾ ചേർക്കുന്നു. നഗരസഭയിൽ നിന്ന് വിരമിച്ച റഗുലർ, കണ്ടിജൻറ് ജീവനക്കാരുടെ പെൻഷൻ, ഫാമിലി പെൻഷൻ വിവരങ്ങൾ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ പെൻഷൻ രജിസ്റ്ററിൽ ഓരോ മാസവും പെൻഷൻ ജീവനക്കാർക്ക് നൽകിയ പെൻഷൻ തുകയുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പെൻഷനായ തീയതി വിവരം, പെൻഷൻ പേമെന്റ് ഓർഡർ വിവരങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

2024 മാർച്ച് മാസത്തിലെ കണക്കുകൾ പ്രകാരം 6 ഫാമിലി പെൻഷൻക്കാർ ഉൾപ്പെടെ 32 പെൻഷൻ വാങ്ങുന്ന

ജീവനക്കാരും 5 ഫാമിലി പെൻഷൻകാർ ഉൾപ്പെടെ 25 പെൻഷൻ പറ്റിയ കണ്ടിജന്റ് ജീവനക്കാരും നഗരസഭയിലുണ്ട്. ജീവനക്കാരുടെ ബാങ്ക് അക്കൗണ്ട് വിവരം പരിശോധിച്ച് ഉറപ്പാക്കിയ രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പെൻഷൻ പറ്റിയ ജീവനക്കാരുടെ ആണെന്ന് ബോധ്യപ്പെടുവാൻ ഓഡിറ്റിന് ആയിട്ടില്ല. പെൻഷണർമാരുടെ ബാങ്ക് പാസ്സ് ബുക്ക് പകർപ്പുകൾ സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

റഗുലർ ജീവനക്കാരുടെ ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ തനത് ഫണ്ട് അക്കൗണ്ടായ കൊടുങ്ങല്ലൂർ ടൗൺ കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ നിന്നും, ബാക്കി മാസങ്ങളിലെ പെൻഷൻ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നുമാണ് (LGTSB-799013000001176) നൽകിയിട്ടുള്ളത്. LGTSB അക്കൗണ്ടിൽ നിന്നും വിതരണം നടത്തിയ പെൻഷനുകളുടെ വിതരണം BIMS-ൽ നിന്ന് ലഭ്യമാക്കിയത് പരിശോധിച്ചു. ഏപ്രിൽ, മേയ് മാസങ്ങളിൽ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത പെൻഷൻ തുക അക്കൗണ്ടിലേക്ക് കൈമാറിയതുമായി ബന്ധപ്പെട്ട UTR സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നുമാണ് വിതരണം നടത്തിയിട്ടുള്ളത്. 2024 ഫെബ്രുവരി മാസത്തെ പെൻഷൻ HDFC ബാങ്കിൽ നിന്നും മറ്റ് മാസങ്ങളിലെ പെൻഷൻ കൊടുങ്ങല്ലൂർ ടൗൺ കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. കണ്ടിജന്റ് പെൻഷൻ തുക മേൽ ബാങ്കുകളിൽ നിന്നും പെൻഷണറുടെ അക്കൗണ്ടിലേക്ക് കൈമാറിയതുമായി ബന്ധപ്പെട്ട UTR സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബാങ്കിൽ നിന്നും പെൻഷൻ വിതരണം ചെയ്തതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് ബാങ്കിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (49/27.02.2025) മറുപടി നൽകിയിട്ടുള്ളത്. പെൻഷൻ തുക പ്രതിമാസം അക്കൗണ്ടിലേക്ക് കൈമാറിയതുമായി ബന്ധപ്പെട്ട UTR സ്റ്റേറ്റ്മെന്റുകൾ ഫയലിൽ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-51-1 ഫാമിലി പെൻഷൻ ഉയർന്ന നിരക്ക് അധിക കാലത്തേയ്ക്ക് നൽകി

**ഫയൽ നമ്പർ G1- 5974/2010**

കണ്ടിജന്റ് ജീവനക്കാരനായ കെ.കെ. ഭാസ്കരന്റെ ഫാമിലി പെൻഷൻ കൈപ്പറ്റുന്നത് ശ്രീമതി സി.കെ വിജയലക്ഷ്മി എന്നവരാണ്. മരണശേഷം 7 വർഷം അല്ലെങ്കിൽ 67 വയസ്സ് പൂർത്തിയാകുമായിരുന്ന തിയതി ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയാണ് ഫാമിലി പെൻഷന്റെ ഉയർന്ന നിരക്കിന് അർഹതയുള്ളത്. ജനനതിയതി 12.12.1951 ആയിരുന്ന ജീവനക്കാരൻ 31.12.2011 ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതും 18.04.2012 ന് മരണപ്പെട്ടിട്ടുള്ളതാണ്. 12.12.2018 വരെയാണ് ഉയർന്ന നിരക്കിലുള്ള ഫാമിലി പെൻഷന് അർഹതയുള്ളൂ എന്നിരിക്കെ 09/2021 വരെ ഉയർന്ന നിരക്കിലുള്ള ഫാമിലി പെൻഷൻ അനുവദിച്ച് കാണുന്നു. ശമ്പള ബിൽ പ്രകാരം അധികം നൽകിയ തുക കണക്കാക്കി വിവരം താഴെ ചേർക്കുന്നു.

| | Amount Due | | | | Amount Drawn | | | | | |
|---|---|---|---|---|---|---|---|---|---|---|
| Month | Basic Pension | DR | Medical Allowance | Total | Month | Basic Pension | DR | Medical Allowance | Total | Excess Drawn |
| 13/12/18 | 6331 | 1266 | 300 | 7897 | 13/12/18 | 10200 | 1530 | 300 | 12030 | 4133 |
| 01/2019 | 10330 | 2376 | 300 | 13006 | 01/2019 | 16642 | 2497 | 300 | 19439 | 6433 |
| 02/2019 | 10330 | 2376 | 300 | 13006 | 02/2019 | 16642 | 2497 | 300 | 19439 | 6433 |
| 03/2019 | 10330 | 2376 | 300 | 13006 | 03/2019 | 16642 | 2497 | 300 | 19439 | 6433 |
| 04/2019 | 10330 | 2376 | 300 | 13006 | 04/2019 | 16642 | 2497 | 300 | 19439 | 6433 |
| 05/2019 | 10330 | 2376 | 300 | 13006 | 05/2019 | 16642 | 2497 | 300 | 19439 | 6433 |
| 06/2019 | 10330 | 2376 | 300 | 13006 | 06/2019 | 16642 | 3328 | 300 | 19439 | 6433 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 07/2019 | 14260 | 0 | 500 | 14760 | 07/2019 | 16642 | 3328 | 300 | 20270 | 5510 |
| 08/2019 | 14260 | 0 | 500 | 14760 | 08/2019 | 16642 | 3328 | 300 | 20270 | 5510 |
| 09/2019 | 14260 | 0 | 500 | 14760 | 09/2019 | 16642 | 3328 | 300 | 20270 | 5510 |
| 10/2019 | 14260 | 0 | 500 | 14760 | 10/2019 | 16642 | 3328 | 300 | 20270 | 5510 |
| 11/2019 | 14260 | 0 | 500 | 14760 | 11/2019 | 16642 | 3328 | 300 | 20270 | 5510 |
| 12/2019 | 14260 | 0 | 500 | 14760 | 12/2019 | 16642 | 3328 | 300 | 20270 | 5510 |
| 01/2020 | 14260 | 570 | 500 | 15330 | 01/2020 | 16642 | 3328 | 300 | 20270 | 4940 |
| 02/2020 | 14260 | 570 | 500 | 15330 | 02/2020 | 16642 | 3328 | 300 | 20270 | 4940 |
| 03/2020 | 14260 | 570 | 500 | 15330 | 03/2020 | 16642 | 3328 | 300 | 20270 | 4940 |
| 04/2020 | 14260 | 570 | 500 | 15330 | 04/2020 | 16642 | 3328 | 300 | 20270 | 4940 |
| 05/2020 | 14260 | 570 | 500 | 15330 | 05/2020 | 16642 | 3328 | 300 | 20270 | 4940 |
| 06/2020 | 14260 | 570 | 500 | 15330 | 06/2020 | 16642 | 3328 | 300 | 20270 | 4940 |
| 07/2020 | 14260 | 999 | 500 | 15759 | 07/2020 | 16642 | 3328 | 300 | 20270 | 4511 |
| 08/2020 | 14260 | 999 | 500 | 15759 | 08/2020 | 16642 | 3328 | 300 | 20270 | 4511 |
| 09/2020 | 14260 | 999 | 500 | 15759 | 09/2020 | 16642 | 3328 | 300 | 20270 | 4511 |
| 10/2020 | 14260 | 999 | 500 | 15759 | 10/2020 | 16642 | 3328 | 300 | 20270 | 4511 |
| 11/2020 | 14260 | 999 | 500 | 15759 | 11/2020 | 16642 | 3328 | 300 | 20270 | 4511 |
| 12/2020 | 14260 | 999 | 500 | 15759 | 12/2020 | 16642 | 3328 | 300 | 20270 | 4511 |
| 01/2021 | 14260 | 999 | 500 | 15759 | 01/2021 | 16642 | 3328 | 300 | 20270 | 4511 |
| 02/2021 | 14260 | 999 | 500 | 15759 | 02/2021 | 16642 | 3328 | 300 | 20270 | 4511 |
| 03/2021 | 14260 | 999 | 500 | 15759 | 03/2021 | 16642 | 3328 | 300 | 20270 | 4511 |
| 04/2021 | 14260 | 999 | 500 | 15759 | 04/2021 | 16642 | 5992 | 500 | 23134 | 7375 |
| 05//2021 | 14260 | 999 | 500 | 15759 | 05/2021 | 16642 | 5992 | 500 | 23134 | 7375 |
| 06 /2021 | 14260 | 999 | 500 | 15759 | 06/2021 | 16642 | 5992 | 500 | 23134 | 7375 |
| 07 /2021 | 14260 | 999 | 500 | 15759 | 07/2021 | 16642 | 5992 | 500 | 23134 | 7375 |
| 08 /2021 | 14260 | 999 | 500 | 15759 | 08/2021 | 16642 | 5992 | 500 | 23134 | 7375 |
| 09 /2021 | 14260 | 999 | 500 | 15759 | 09/2021 | 16642 | 5992 | 500 | 23134 | 7375 |
| Total | | | | 502858 | | | | | 693138 | 190280 |

09/2021 വരെ ഉയർന്ന നിരക്കിലുള്ള ഫാമിലി പെൻഷൻ അനുവദിച്ചതിന് മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ റിവിഷൻ അരിയർ തുക നൽകിയിട്ടുണ്ടെങ്കിൽ ആയതുകൂടി കണക്കാക്കി അനുവദനീയമായതിലും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം -നം. 73/1.03.2025).

## 1-52 നഗരസഭ പ്രതിമാസം അടവാക്കുന്ന വെള്ളക്കരം 13,26,719 രൂപ

**ഫയൽ നമ്പർ : PH4(A1)-7200/14, PW1-6419/23, 938142/24**

നഗരസഭയിലെ 729 പൊതുടാപ്പുകൾക്ക് കേരള വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്തുവരുന്നു. പ്രതിമാസം 729 പൊതുടാപ്പുകളുടെ തുകയായി 13,26,719 രൂപ നഗരസഭ അടവാക്കി വരുന്നുണ്ട്. എന്നാൽ പൊതുടാപ്പുകളെ തിട്ടപ്പെടുത്തി ആവശ്യമില്ലാത്ത ടാപ്പുകളെ ഡിസ്കണക്ട് ചെയ്യാത്തതിനാൽ 2023-24 സാമ്പത്തിക വർഷം 1,59,20,628 രൂപ തനത് ഫണ്ടിൽ നിന്നും വാട്ടർ ചാർജ്ജിനത്തിൽ നഗരസഭ അടവാക്കേണ്ടതായി വന്നു.

പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ നിരക്ക് വർദ്ധിപ്പിച്ചതിനാൽ 02/2023 മുതൽ പ്രതിമാസം 5,28,039

രൂപയായിരുന്ന വെള്ളക്കരം 13,26,719 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഒരു പൊതുടാപ്പിന് 1820 രൂപ വീതം 729 ടാപ്പുകൾക്ക് 1326719 രൂപയാണ് നഗരസഭയ്ക്ക് ഒരു മാസം വെള്ളക്കരം ഇനത്തിൽ അടവാക്കേണ്ടതായി വരുന്നത്. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി ടാപ്പുകളുടെ ഡിസ്മാന്റലിങ്ങ് നടപടി സ്വീകരിക്കുന്നതിലെ കാലതാമസം മൂലം നാളിതുവരെ 729 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് നഗരസഭയ്ക്ക് അടവാക്കേണ്ടതായി വന്നിട്ടുണ്ട്. 44 വാർഡുകളിലും സംയുക്ത പരിശോധന നടത്തി 254 ടാപ്പുകളാണ് ഉള്ളതെന്ന് 24.11.23 ന് PW1-6419/23 നമ്പർ ഫയലിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ 254 ടാപ്പുകൾ ഒഴികെ ബാക്കിയുള്ള ടാപ്പുകൾ നീക്കം ചെയ്യുന്നതിനായി കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളത് 26.06.2024ന് മാത്രമാണ് (തീരുമാനം-18). തുടർന്ന് 63 ടാപ്പുകൾ ഒഴികെ ബാക്കിയുള്ള ടാപ്പുകൾ നീക്കം ചെയ്യുന്നതിനായി 14.08.2024 ന് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

63 ടാപ്പുകൾ ഒഴികെ ബാക്കിയുള്ള ടാപ്പുകൾ നീക്കം ചെയ്യുന്നതിനായി 5.12.2024 നാണ് 12,00,000 രൂപ കേരള വാട്ടർ അതോറിറ്റിയിലേയ്ക്ക് അടവാക്കിയിട്ടുള്ളത്. ടാപ്പുകളുടെ ഡിസ്മാന്റലിംഗ് പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ടാപ്പുകളുടെ എണ്ണത്തിൽ വാട്ടർ അതോറിറ്റി നാളിതുവരെ കുറവ് വരുത്തിയിട്ടില്ല.

യഥാസമയം നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ 254 ടാപ്പുകൾക്ക് 4,62,280 രൂപയും 63 ടാപ്പുകൾക്ക് 1,14,660 രൂപയും മാത്രമാണ് പ്രതിമാസം തുക അടക്കേണ്ടി വരുമായിരുന്നത്. എന്നാൽ പ്രതിമാസം 13,26,719 രൂപ നഗരസഭ ഇതിനായി ചെലവഴിച്ചു കൊണ്ടിരിക്കുന്നു. നഗരസഭയുടെ തനതുവരുമാന ചോർച്ച തടയുന്നതിന് പൊതുടാപ്പുകളുടെ ഡിസ്മാന്റലിംഗ് പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം- 27/22.02.25).

## 1-53 നഗരസഭ റവന്യൂ റിക്കവറി നടപടി നേരിടുന്നു -വെള്ളക്കരം കുടിശ്ശിക 22,61,76,569 രൂപ

ഫയൽ നമ്പർ : PH4(A1)-7200/14, 938142/24

നഗരസഭയിലെ PH4(A1)-7200/14, 938142/24 (Ksmart) നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും വെള്ളക്കരം കുടിശ്ശിക അടവാക്കാത്തതിനാൽ കോടികളുടെ സാമ്പത്തിക ബാധ്യത നഗരസഭയ്ക്ക് ഉണ്ടായതായി കാണുന്നു. വെള്ളക്കരം കുടിശ്ശിക, പിഴ എന്നിവ അടവാക്കാത്തതിനാൽ നഗരസഭയ്ക്കെതിരെ വാട്ടർ അതോറിറ്റി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. വെള്ളക്കരം ഇനത്തിൽ 22 കോടിയിലധികം കുടിശികയുള്ളതിനാൽ തഹസീൽദാറുടെ 4.12.2024ലെ റവന്യൂ റിക്കവറി നടപടി പ്രകാരം 22,61,76,569 രൂപയുടെ ജപ്തി നോട്ടീസ് നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക ഗഡുക്കളായി അടക്കുന്നതിന് സർക്കാരിലേയ്ക്ക് അനുമതി ആവശ്യപ്പെട്ടതിന് 30 തുല്യ തവണകളായി അടയ്ക്കുവാൻ 2024/11213/08/1/H2/(Rev) തിയതി.20.12.2024 നമ്പറായി പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ) അനുമതി നൽകിയിരുന്നു. മേൽ കത്ത് പ്രകാരം 21.02.2025 നകം ആദ്യ ഗഡു അടവാക്കുന്നതിനും തുടർന്ന് ഓരോ മാസവും 21 -ാം തിയതിയ്ക്ക് മുമ്പായി തവണകളായി തുക അടവാക്കുന്നതിനുമാണ് അനുമതി നൽകിയിട്ടുള്ളത്. നിശ്ചിത തിയതിയ്ക്ക് മുമ്പ് തുക നൽകിയില്ലെങ്കിൽ അനുമതി റദ്ദാകുമെന്നാണ് കത്തിൽ പറഞ്ഞിട്ടുള്ളത്.

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 75,39,219 (226176569/30) പ്രതിമാസം അടവാക്കുവാൻ സാധിക്കാത്തതിനാൽ, തവണകൾ കൂട്ടി നൽകുന്നതിനും പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് ബഹു.സർക്കാരിനോട് ആവശ്യപ്പെടുന്നതിനാണ് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത് (9.01.2025 ലെ 8/1 നമ്പർ തീരുമാനം). ഗഡുക്കളായി തുക അടവാക്കുന്നതിന് റവന്യൂ, പ്രിൻസിപ്പൽ സെക്രട്ടറി അനുവദിച്ച കാലാവധി 21.02.2025 ന് റദ്ദായതിനാൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം-27/22.02.25)

2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 153/24 നമ്പർ പ്രോജക്ടിൽ വെള്ളക്കരം അടവാക്കുന്നതിനായി വികസനഫണ്ടിൽ നിന്നും 75,98,720 രൂപയും സി.എഫ്.സി ഗ്രാന്റിൽ നിന്നും 24,01,280 രൂപയും വകയിരുത്തിയിരുന്നുവെങ്കിലും തുക ചെലവഴിച്ചില്ല. പദ്ധതിപ്രകാരം തുക വകയിരുത്തിയതിനും പിന്നീട് ചെലവാക്കാതെയിരുന്നതിനും മറുപടി നൽകിയിട്ടില്ല.

നഗരസഭയുടെ ബാധ്യത പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-54 അഡ്വാൻസ് തുക ക്രമീകരിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നഗരസഭാ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി തനതു ഫണ്ടിൽ നിന്ന് നൽകിയ മുൻകൂറുകൾ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ/ തീയതി | തുക | കൈപ്പറ്റിയ ആളുടെ പേര് | ആവശ്യം |
|---|---|---|---|---|
| 1 | 22300882/23.08.23 | 40000 | സുരാജ് ആർ.എസ്, PWO | മുസരീസ് ബസ് സ്റ്റാന്റ് ഉദ്ഘാടനം |
| 2 | 22301273/13.10.23 | 25000 | വൃജ എൻ.കെ, മുനിസിപ്പൽ സെക്രട്ടറി | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം |
| | ആകെ | 65000 | | |

04.10.2011-ലെ സ.ഉ.(പി)419/11/ധന ഉത്തരവ് പ്രകാരം അഡ്വാൻസ് കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് അഡ്വാൻസ് തുക ക്രമീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അഡ്വാൻസ് കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അഡ്ജസ്റ്റ് ചെയ്യുന്ന ദിവസം വരെ 18% നിരക്കിൽ മുഴുവൻ തുകയ്ക്കും പിഴപലിശ ഈടാക്കേണ്ടതാണ്. നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുക അഡ്ജസ്റ്റ് ചെയ്യാത്തത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയത്. തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-10/20.02.25).

## 1-55 നഗരസഭാ സെക്രട്ടറിയുടെ ശമ്പളം, അലവൻസുകൾ എന്നിവ സർക്കാരിലേയ്ക്ക് അടവാക്കുന്നില്ല

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), പ്രകാരം നഗരസഭാ സെക്രട്ടറിക്ക് ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാന ഫണ്ടിൽ നിന്ന് കൊടുക്കേണ്ടതും, സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം അംശദായങ്ങളും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസംതോറും സംസ്ഥാന ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. നഗരസഭയുടെ കാഷ് ബുക്ക്, വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും സെക്രട്ടറിയുടെ ശമ്പളം, അലവൻസുകൾ എന്നിവ സർക്കാരിലേയ്ക്ക് അടവാക്കിയതായി കാണുന്നില്ല. കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), നിർദ്ദേശിക്കുന്ന പ്രകാരം തുക സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം- 42/25.02.25)

## 1-56 അംശാദായം ലഭിച്ചിട്ടില്ല

ഫയൽ നമ്പർ- PH1-2548/18

PH1-16723/17

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 333 പ്രകാരം തീർത്ഥാടന സ്ഥലങ്ങൾ/ ആരാധനാലയങ്ങൾ എന്നിവയിന്മേൽ നിയന്ത്രണമുള്ളവരിൽ നിന്നും അംശാദായങ്ങൾ മുനിസിപ്പാലിറ്റിയ്ക്ക് ഈടാക്കാവുന്നതാണ്. 2023, 2024 വർഷങ്ങളിൽ കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ ഭരണി, താലപ്പൊലി മഹോത്സവത്തിന്റെ ഭാഗമായി നഗരസഭ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ചെലവ് തുകയുടെ 30% തുക അംശാദായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ദേവസ്വം മാനേജർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക ലഭിച്ചതായി കാണുന്നില്ല. തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| വർഷം | ഉത്സവം | ചെലവ് തുക | അംശാദായം |
|---|---|---|---|
| 2023 | ഭരണിമഹോത്സവം | 2,34,367 | 70310 |
| 2024 | ഭരണിമഹോത്സവം | 3,57,925 | 107378 |
| 2023 | താലപ്പൊലി | 2,38,010 | 71403 |

2024 വർഷം താലപ്പൊലി മഹോൽസവത്തിനായി ചെലവഴിച്ച തുകയുടെ വിവരം, അംശാദായം ആവശ്യപ്പെട്ട് നൽകിയ കത്തിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (നം.

15/21.02.2025) മറുപടി ലഭ്യമാക്കിയില്ല. 2024 വർഷത്തെ താലപ്പൊലി മഹോൽസവത്തിന്റെ ചെലവിനായി ഫയൽ പ്രകാരം (PH1-16723/17) 231550 രൂപ ചെലവഴിച്ച കാണുന്നു. ചെലവിന് ആനുപാതികമായ അംശാദായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തുക ലഭ്യമായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-57 സെക്രട്ടറിയുടെ വീട്ടുവാടക ബത്തയും നിശ്ചിതനിരക്കിലുള്ള വാടകയും നഗരസഭയിൽ ഒടുക്കിയില്ല

നഗരസഭാ സെക്രട്ടറിയുടെ ഔദ്യോഗിക വസതി താമസയോഗ്യമല്ലാത്തതിനാൽ സെക്രട്ടറി താമസിക്കുന്ന ഫ്ലാറ്റിന്റെ വാടക 16.01.2017-ലെ സ.ഉ. (എം.എസ്) നം.15/2017/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നല്കി വരുന്നു. 22.10.2022 ലെ 41/1 കൗൺസിൽ തീരുമാന പ്രകാരം കെട്ടിടത്തിന് പ്രതിമാസം 10500 രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവ് (സ ഉ (പി) നം.27/2021/ധന തീ. 10.02.2021) ഖണ്ഡിക 16 പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ച 50200-105300 ശമ്പളനിരക്കിനു മുകളിലുള്ള ജീവനക്കാരിൽ നിന്ന് അടിസ്ഥാന ശമ്പളത്തിന്റെ 2% നിരക്കിൽ വാടക ഈടാക്കണമെന്നും ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ലഭിച്ച ജീവനക്കാർക്ക് വീട്ടുവാടകബത്തയ്ക്ക് അർഹതയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തികവർഷത്തിൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സിനുള്ള വാടകയിനത്തിൽ 1,26,000 രൂപ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 22300078/13.04.23 | 10500 |
| 2 | 22300203/05.05.23 | 10500 |
| 3 | 22300409/12.06.23 | 10500 |
| 4 | 22300648/27.07.23 | 10500 |
| 5 | 22300800/11.08.23 | 10500 |
| 6 | 22300999/8.09.23 | 10500 |
| 7 | 22301174/5.10.23 | 10500 |
| 8 | 22301472/8.11.23 | 10500 |
| 9 | 22301715/5.12.23 | 10500 |
| 10 | 22301917/29.01.24 | 10500 |
| 11 | 22302449/14.03.24 | 21000 |
| ആകെ | | 126000 |

നിശ്ചിത നിരക്കിലുള്ള വീട്ടുവാടകബത്തയും അടിസ്ഥാനശമ്പളത്തിന്റെ 2% തുകയും നഗരസഭാ ഫണ്ടിൽ അടവാക്കിയതിന്റെ വിവരം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 43/25.02.2025) മറുപടി ലഭ്യമാക്കിയില്ല. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-58 ക്വാർട്ടേഴ്സിന്റെ വൈദ്യുതി ചാർജ്ജ്

2023-24 സാമ്പത്തികവർഷം സെക്രട്ടറിയുടെ ഔദ്യോഗിക വസതി താമസയോഗ്യമല്ലാത്തതിനാൽ സെക്രട്ടറിയുടെ താമസ കെട്ടിടത്തിന് പ്രതിമാസം 10500 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിൽ നിന്നും സെക്രട്ടറിയുടെ ക്വാർട്ടേഴ്സിന്റെ വൈദ്യുതി ചാർജ്ജായി (Con-11566470010655) താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/ തിയതി | തുക |
|---|---|
| 22300264/27.05.23 | 439 |
| 22300795/11.08.23 | 228 |
| 22301615/23.11.23 | 441 |
| 22302059/23.01.24 | 544 |

| | |
|---|---|
| 22302615/28.03.24 | 814 |

17.08.2023 ലെ പി.എച്ച്.4-8679/07 നമ്പർ കത്ത് പ്രകാരം ക്വാർട്ടേഴ്സിന്റെ വൈദ്യുതി കണക്ഷൻ (Con-11566470010655) ഒരു വർഷത്തേയ്ക്ക് താല്ക്കാലികമായി വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കെ.എസി.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർന്നും വൈദ്യുതി ചാർജ്ജ് അടവാക്കി കാണുന്നു. കണക്ഷൻ വിച്ഛേദിക്കുന്നതിന് കത്ത് നൽകിയിരുന്നെങ്കിലും കെ.എസ്.ഇ.ബി കണക്ഷൻ വിച്ഛേദിച്ചിരുന്നില്ലെന്നും ഹരിത കർമ്മസേന ഉപയോഗിക്കുന്ന ഇലക്ട്രിക് വണ്ടികൾ ഇവിടെ ചാർജ്ജ് ചെയ്ത് വരുന്നു എന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഓഡിറ്റ് അന്വേഷണത്തിന് (56/27.02.2025) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ വൈദ്യുതി കണക്ഷന്റെ ആവശ്യകത അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-59 സമയബന്ധിതമായി കരാറിൽ ഏർപ്പെടാതിരുന്നതിന് പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

01.02.12ലെ G.O.(P)No.13/12/P.W.D. പ്രകാരമുള്ള KPWD Manual ഖണ്ഡിക 2009.6, LoA വ്യവസ്ഥ എന്നിവ പ്രകാരം സെലക്ഷൻ നോട്ടീസ്/Letter Of Acceptance നൽകി 14 ദിവസത്തിനകം കരാറിലേർപ്പെടുന്നതിനും അതിനു ശേഷമുള്ള 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 1% നിരക്കിൽ പിഴ ഈടാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കരാർ തുകയുടെ (Agreed PAC) 1% തുകയോ, മിനിമം 1000 രൂപയോ പരമാവധി 25000 രൂപയോ ഈടാക്കേണ്ടതാണ്. (Limited To 25000 As Per PWD Manual Para 2009.6)

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം കരാറിലേർപ്പെട്ടതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് നൽകിയ തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 1) | പ്രൊജക്ട് നം. 444/24<br>വാർഡ്-8 ലെ സ്ലൂയിസ് നിർമ്മാണം<br>വകയിരുത്തിയ തുക-8,00,000<br>വകയിരുത്തിയ ഫണ്ടിനം- ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>TS-57164/23<br>കരാറുകാരൻ- ശ്രീ.മുഹമ്മദ് സഗീർ<br>Agreed PAC- 744,740.78രൂപ<br>ചെലവ്- 772860/-<br>വൗച്ചർ നം.22302509/22.03.24 | 26.11.2023 | 79A/ 12.01.2023 | 7447<br>(744740.78x 1% ) |
| 2 | പ്രൊജക്ട് നം. 263/24<br>41-ാം വാർഡിൽ അഗ്രശാല റോഡിൽ കാന നിർമ്മാണം<br>വകയിരുത്തിയ തുക-5,00,000<br>വകയിരുത്തിയ ഫണ്ടിനം- ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>TS-100783/22<br>കരാറുകാരൻ- ശ്രീ.സച്ചിൽ | 06.01.2023 | 95/2023-24/<br>31.01.23 | 4131<br>(413161 X1%) |

| | | | | |
|---|---|---|---|---|
| | എം.എസ് Agreed PAC- 413161 രൂപ<br>ചെലവ്-265203 (2012-13 വർഷം)<br>222327 – 22300744/11.08.23 (സെക്കന്റ്&പാർട്ട് ബിൽ) | | | |
| 3 | പ്രൊജക്റ്റ് നം. 398/24<br>18-ാം വാർഡിൽ തോട് ക്ലീനിങ്ങ്<br>വകയിരുത്തിയ തുക-1,00,000<br>വകയിരുത്തിയ ഫണ്ടിനം-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>TS-57088/23<br>കരാറുകാരൻ-ശ്രീ.അങ്കുഷ് കെ.പി<br>Agreed PAC-80639.80<br>ചെലവ്-79024<br>വൗച്ചർ നം./തി:22302598 /27.03.24 | 11.09.2023 | 83/2023-24 / 29.12.23 | 806<br>(80636 X 1%) |
| | ആകെ | | | 12384 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.53/27.02.25) നൽകിയതിന് ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-60 ചെമ്മാലിൽ കയർ സൊസൈറ്റി റോഡിൽ കാന നിർമ്മാണം,റീടാറിങ്ങ് - വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് പിഴ ഈടാക്കിയിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നം. – 232/24

അടങ്കൽ (മെയിന്റനൻസ് ഗ്രാന്റ് റോഡ്) – 1400000/- (2023-24)
ചെലവ് – ഫസ്റ്റ് & പാർട്ട് ബിൽ-668200 (വൗച്ചർ നം.22301180/07.07.23) (2023-24)

സെക്കന്റ് & ഫൈനൽ ബിൽ-837110 (2024-25)
ആകെ ചെലവ് – 1505310/-

ആകെ പ്രവൃത്തി മൂല്യം -1275686.22
Ts-32709/22
കോൺട്രാക്ടർ – ശിവദാസൻ.എം.എസ്
എഗ്രിമെന്റ് -67/AE/LSGD/22-23dt.30.11.22
എഗ്രീഡ് പി.എ.സി-1304329

സ.ഉ (പി) നം. 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട്

പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടി വരുന്ന ഘട്ടത്തിൽ, 2% പിഴ ഈടാക്കണം (കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2112.1). എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50%ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരു ന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്. എന്നാൽ എഗ്രിമെന്റിലെ വ്യവസ്ഥ പുതിയ മാന്വലിലെ വ്യവസ്ഥ പ്രകാരം പുതുക്കിയതായി കാണുന്നില്ല. മേൽ പ്രവൃത്തിയുടെ കരാർ ഉടമ്പടി ഖണ്ഡിക 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിലൊന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തി കൊണ്ടും, പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% വീതം ചുമത്തി കൊണ്ട് മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ വ്യവസ്ഥയുള്ളു.

മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 9 മാസമായിരുന്നു. 29.08.23-ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത് 22.05.24 നാണ്. 8 മാസം വൈകിയാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. കരാർ പ്രകാരം 23.10.23 വരെ പിഴയില്ലാതെ സമയം നീട്ടി നൽകാവുന്നതാണ്. അതിനുശേഷം 7 മാസം വൈകിയാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. പിഴയിനത്തിൽ കരാർ തുകയുടെ 3% തുക (1304329*3%) 39130/- (കരാർ ഉടമ്പടി ഖണ്ഡിക 7 പ്രകാരം) ഈടാക്കേണ്ടതായിരുന്നു. എന്നാൽ പിഴ ഈടാക്കിയിട്ടില്ല.

ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 58/27.02.25) നൽകിയതിന് തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-61 നഗരസഭയുടെ വസ്തുവകകൾ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത്- നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് നഗരസഭാ പ്രദേശങ്ങളിൽ പ്രവൃത്തികൾ നടന്നുവരുന്നതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുന്നതും നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ളതും ലോകമലേശ്വരം വില്ലേജിൽ സർവ്വെ നമ്പർ 120/2, 120/2-2എ എന്നിവയിൽ നിന്നു യഥാക്രമം 0.0264 ഹെക്ടർ, 0.0005 ഹെക്ടർ ഭൂമി ദേശീയപാതയ്ക്ക് വേണ്ടി ഏറ്റെടുത്തിട്ടുണ്ട് (സ്പെഷൽ തഹസിൽദാർ (എൽ.എ) യൂണിറ്റ് 1, NH-17 (66), 13/12/22 ലെ 41/697/21 നമ്പർ കത്ത്). ടൗൺഹാളിന്റെ മതിൽ പൊളിച്ചുമാറ്റേണ്ടതാണെന്നും, നഷ്ടപരിഹാരത്തുക കൈപറ്റുന്നതിനായി കൈവശാവകാശം തെളിയിക്കുന്ന രേഖകളും, ആസ്തി രജിസ്റ്ററിന്റെ പകർപ്പുകളും അടിയന്തിരമായി സ്പെഷൽ തഹസിൽദാരുടെ (എൽ.എ) കാര്യാലയത്തിലേക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ സ്ഥലത്തിന്റെ പോക്ക് വരവ് നടത്തി രേഖകൾ ഹാജരാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ നാളിതുവരെ സ്ഥലത്തിന്റെ വില നഗരസഭക്ക് ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം. 64/28.02.25) നൽകിയതിന് മറുപടിയായി ദേശീയപാതക്ക് വേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരതുക നേടിയെടുക്കുന്നതിന് സാധ്യമായ നടപടികൾ നഗരസഭക്ക് ഒരുക്കിത്തരണമെന്ന് അപേക്ഷിച്ചു കൊണ്ട് ബഹു. ജില്ലാ കളക്ടർക്ക് കത്ത് സമർപ്പിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. എത്രയും വേഗം സ്ഥലത്തിന്റെ പോക്ക് വരവ് നടത്തി സ്ഥലത്തിന്റെ വില ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-62 അമൃത് 2.0 - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

കൊടുങ്ങല്ലൂർ നഗരസഭ കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയും, കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറിയും അമൃത് സ്റ്റേറ്റ് മിഷൻ ഡയറക്ടറുമായുള്ള ത്രികക്ഷി കരാർ ഉടമ്പടി 3-ാം കക്ഷിയായ നഗരസഭ സെക്രട്ടറി 12.09.2023ന് ഒപ്പ് വെച്ച് അയച്ചു നൽകിയിട്ടുള്ളതാണ്. 4000 വാട്ടർ കണക്ഷനുകൾക്ക് വേണ്ടി 15.80 കോടി രൂപയുടെ

ഭരണാനുമതിയും ലഭ്യമാക്കിയിട്ടുള്ളതാണ്. മൂന്ന് പാർട്ട് ബില്ലുകളിലായി അമൃത് 2.0 പദ്ധതിയുടെ ഭാഗമായി നാളിതു വരെ 6,01,62,586 രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതാണ്. 1000 അധിക കുടിവെള്ള കണക്ഷനുകൾ നിലവിലെ പ്രോജക്റ്റിൽ നിന്ന് അനുവദിക്കുന്നതിന് ആയത് കൂടി ഉൾപ്പെടുത്തി ഭരണാനുമതി തുകയിൽ അധികരിക്കാത്ത വിധം എസ്റ്റിമേറ്റ് പരിഷ്കരിച്ച് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. അമൃത് 2.0 പദ്ധതിയുടെ ഭാഗമായി 2023-24 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 1,22,00,000 രൂപ സെക്രട്ടറിയുടെ അമൃത് പദ്ധതിക്ക് വേണ്ടിയുള്ള അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വർക്ക് ബിൽ ലഭിക്കുന്നമുറക്ക് തുക വാട്ടർ അതോറിറ്റിക്ക് കൈമാറുകയാണ് ചെയ്യുന്നത്. ഓഡിറ്റ് എൻക്വയറി (07/18.02.25) നൽകിയതിന് മറുപടിയായി നാളിതുവരെ 4119 കണക്ഷനുകൾ നൽകിയതായി അറിയിച്ചിട്ടുണ്ട്.

അമൃതം 2.0 പദ്ധതിയുടെ ഭാഗമായി കൊടുങ്ങല്ലൂർ നഗരസഭ പരിധിയിലെ അരാംകുളം നവീകരണവുമായി ബന്ധപ്പെട്ട് 1.16992 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തി ആരംഭിക്കുകയും,രണ്ട് പാർട്ട് ബില്ലുകളിലുമായി ആകെ 59,67,002 രൂപ കരാറുകാരന് കൈമാറിയിട്ടുള്ളതുമാണ്.

മേൽ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും, തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-63 കാവിൽകടവ് തെരുവോര കച്ചവടകേന്ദ്രം -നാളിതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
ഇ.എം ബുക്ക് നമ്പർ 5763/2023.

ചെലവ് - 255490/- (ഫസ്റ്റ് പാർട്ട് ബിൽ)-(വൗച്ചർ നം. 22202346, 28.03.23)

സെക്കന്റ് & ഫൈനൽ ബിൽ -3256 -(വൗച്ചർ നം.-22202385, 31.03.23)

കരാറുകാരൻ – അസ്ഹർ.കെ.എ.

പ്രോജക്റ്റ് നം. – 469/23 പ്രകാരം 3,00,000, രൂപ അടങ്കലിൽ 2,58,746 രൂപ ചെലവഴിച്ച് തെരുവോരക്കച്ചവടക്കാർക്ക് വേണ്ടി 17 മുറികളുള്ളതും, ഷീറ്റ് ഉപയോഗിച്ച് നിർമ്മിച്ചതുമായ ഒരു ഷെഡ്ഡ് കാവിൽകടവ് ബസ് സ്റ്റാന്റിൽ 2022-23 വർഷം പണി പൂർത്തീകരിച്ചിട്ടുണ്ട്. ആയത് 14.03.2023 ലെ PW1-1586/23 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ആരോഗ്യവിഭാഗത്തിന് കൈമാറിയിട്ടുണ്ട്. തെരുവോര കച്ചവടക്കാർക്ക് ടി കെട്ടിടത്തിൽ കച്ചവടം നടത്തുന്നതിന് താല്പര്യമില്ലാത്തതിനാൽ ടി കെട്ടിടം നാളിതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയും, ടി വിവരം 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.44 ആയി ഉൾപ്പെടുത്തിയിരുന്നെങ്കിലും 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 24.02.25ൽ നടത്തിയ സ്ഥല പരിശോധനയുമായി ബന്ധപ്പെട്ട് ടി സ്ഥലം സന്ദർശിച്ചപ്പോൾ നാളിതു വരെയും ആയത് ഉപയോഗപ്പെടുത്തിയതായി കണ്ടില്ല. ആയത് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-64 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി തുക കെ.എസ്.ഇ.ബി.ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ആയത് പൂർത്തീകരിച്ച് വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റിന്റെ പേര്, നം | വൗച്ചർ നം./തിയതി | നൽകിയ തുക | തുക കൈമാറിയ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1 | ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ,238/24 | 22301712/ 4.12.2023 | 8685 | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ- 1, കൊടുങ്ങല്ലൂർ |
| | | 22301642/ | 4708 | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | | 25.11.2023 | | കെ.എസ്.ഇ.ബി സെക്ഷൻ- 2, കൊടുങ്ങല്ലൂർ |
| | | 22300825/ 16.08.2023 | 9756 | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ- 2, കൊടുങ്ങല്ലൂർ |
| | | 22302433/ 05.03.2024 | 7507 | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ- 2, കൊടുങ്ങല്ലൂർ |
| | ആകെ | | 30656 | |
| 2 | ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ,449/24 | 26302642/ 27.03.2024 | 1087950 | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ- 1, കൊടുങ്ങല്ലൂർ |
| 3 | ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ, 285/24 | 22302542/ 27.03.24 | 126803 | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ-1, കൊടുങ്ങല്ലൂർ |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ക്രമനം 1, 3 എന്നീ പ്രോജക്റ്റുകളുടെ ചെലവ് യഥാക്രമം 48409,131429 രൂപയാണ്. ഇപ്രകാരം വ്യതിയാനം വന്നതിന് വിശദീകരണവും, വിനിയോഗവിവരവും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (50/27.02.25) നൽകിയതിന് മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിക്ക് കത്ത് നൽകുന്നതാണെന്നും വിനിയോഗവിവരം ലഭിക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

**1-65 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അഡ്വാൻസ് തുക കൈമാറുമ്പോൾ സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുന്നില്ല**

സർക്കാർ ഉത്തരവ് (കൈ) നം.86/2022/തസ്വഭവ തീയതി 19/04/22 ഖണ്ഡിക നമ്പർ 12.2(ഡി) (ii) പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിന് ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്നും എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.യുമായി നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇപ്രകാരം നൽകിയ ഡെപ്പോസിറ്റ് തുകകൾ മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (54/27.02.25) നൽകിയതിന് മറുപടിയായി കെ.എസ്.ഇ.ബി സർക്കാർ സ്ഥാപനമായതിനാലും, പ്രവൃത്തി അടിയന്തിരമായി ചെയ്തു തീർക്കേണ്ടതിനാലുമാണ് സ്ഥാപനവുമായി കരാറിലേർപ്പെടാൻ സാധിക്കാതെ വന്നതെന്നും,വരും വർഷങ്ങളിൽ സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേലിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികൾകളിൽ സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-66 ഏറോബിക് ബിൻ നിർമ്മാണം - നാളിതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല.**

എഗ്രിമെന്റ് നം. 46/09.11.22
എഗ്രിമെന്റ് തുക- 315337
വകയിരുത്തിയ തുക-500000 (CFC Tied)
ചെലവ്- 278277 ( വൗച്ചർ നമ്പർ-22302554/27.03.2024)

പ്രോജക്റ്റ് നം-272/24
കരാറുകാരൻ- രഞ്ജിത്ത് .ടി
ഫയൽ നം. PW1-12418/22
